

# CHURCH VOICE

C. S. I. MATEER MEMORIAL CHURCH

Vol. 12 No. 1 Newsletter January 2014




'My Presence shall go with thee'
(Exo. 33:14)

# Church News

Congratulations



തിരുവനന്തപുരം സൗത്ത് ഉപജില്ലാ കലോത്സവത്തിൽ വയലിൻ മത്സരത്തിൽ (വെസ്റ്റേൺ) ഒന്നാം സ്ഥാനം നേടിയ **ജോസിനാ ജോഷ്.** കാർമ്മൽ സ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർത്ഥിനിയാണ്. പിതാവ്: ജോഷ് രാജ്. മാതാവ്: ബീനാ ജോർജ്ജ്.

### വാർഷിക സ്തോത്ര ആരാധന

നമ്മുടെ സഭ 175 വർഷം പൂർത്തിയാക്കിയതോടനുബന്ധിച്ച് ഡിസംബർ ഒന്നാം തീയതി ഞായറാഴ്ച വാർഷിക സ്തോത്ര ആരാധന നടന്നു. വെരി. റവ. മാത്യു മാത്യു മുഖ്യാതിഥിയായിരുന്നു. പ്രശസ്ത വിജയം നേടിയ വിദ്യാർത്ഥികളും വിശിഷ്ട സേവനം കാഴ്ചവെച്ചവരുമായ 50 സഭാംഗങ്ങളെ തദവസരത്തിൽ ആദരിച്ചു. ഇതോടനുബന്ധിച്ച് സ്നേഹവിരുന്നും ക്രമീകരിച്ചിരുന്നു.

### വാർഷിക ലേലം - നോയേൽ ഫിയസ്റ്റ 2013

ഈ വർഷത്തെ വാർഷിക ലേലവും കൗതുക വിൽപനയും ഡിസംബർ 14, 15 തീയതികളിൽ നടന്നു. റവ. ഡി.പി. ഗോഡ്വിൻ ഉദ്ഘാടനം ചെയ്തു. ഇതിലൂടെ 11.5 ലക്ഷം രൂപ സമാഹരിച്ചു. ശ്രീ. പ്രേംദാസ് ജസ്റ്റസ് കൺവീനറായി പ്രവർത്തിച്ചു.

### ക്രിസ്തുമസ് കരോൾ സർവ്വീസ്

നമ്മുടെ സഭയിലെ സി.ഇ.വൈ.എഫിന്റെ ആഭിമുഖ്യത്തിൽ വിവിധ ചർച്ച് ക്വയറുകളെ പങ്കെടുപ്പിച്ചു കൊണ്ട് ഡിസംബർ 15-ാം തീയതി ക്രിസ്തുമസ് കരോൾ സർവ്വീസ് സംഘടിപ്പിച്ചു.

ചർച്ച് ക്വയറിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 21-ാം തീയതി കരോൾ സർവ്വീസ് സംഘടിപ്പിച്ചു. ജൂനിയർ ക്വയർ, ചിൽഡ്രൻസ് ക്വയർ, ചർച്ച് ക്വയർ എന്നിവർ ഗാനങ്ങൾ ആലപിച്ചു.

നമ്മുടെ സഭയിലെ വിവിധ സംഘടനകളുടെ നേതൃത്വത്തിൽ ഡിസംബർ 22-ാം തീയതി സംയുക്ത ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു.

## സണ്ടേസ്കൂൾ 2014

പുതിയ വർഷത്തെ സണ്ടേസ്കൂൾ ക്ലാസ്സുകൾ ജനുവരി 5-ാം തീയതി ഞായറാഴ്ച ആരംഭിക്കും. നേഴ്സറി മുതൽ അഡൽറ്റ് ഗ്രേഡ് വരെ മലയാളത്തിലും ഇംഗ്ലീഷിലും ക്ലാസ്സുകൾ നടത്തപ്പെടുന്നതാണ്. നമ്മുടെ സഭയിലെ മൂന്നു വയസ്സിനുമേൽ പ്രായമുള്ള എല്ലാ കുട്ടികളെയും സണ്ടേസ്കൂളിൽ അയയ്ക്കണമെന്ന് മാതാപിതാക്കളോട് അഭ്യർത്ഥിക്കുന്നു. രാവിലെയുള്ള ക്ലാസ്സുകൾ 9.45 മുതൽ 11 മണിവരെയും ഉച്ചയ്ക്ക് ശേഷമുള്ള ക്ലാസ്സുകൾ 3 മണി മുതൽ 4.15 വരെയും നടക്കുന്നതാണ്. ഈ വർഷം (2014) മുതൽ 25 വയസ്സിന് മേൽ പ്രായമുള്ളവർക്കായി 'സൂപ്പർ അഡൽറ്റ് ഗ്രേഡ് -1' ഉം 35 വയസ്സിനുമേൽ പ്രായമുള്ളവർക്കായി 'സൂപ്പർ അഡൽറ്റ് ഗ്രേഡ് -2'ഉം ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതാണ്. പ്രായഭേദമെന്യേ ഏവർക്കും സണ്ടേസ്കൂളിൽ പങ്കെടുക്കാവുന്നതാണ്.

# CHURCH VOICE

12th year of publication

JANUARY 2014

**Chief Editor**

Rev. C.R. Vincent

**Editor**

R. Sajan Samson

**Editorial Board**

Rev. Dr. L.E. Sahanam
Rev. E. Sunin Spenzer
Dr. Christenson E. Sarasam
Adv. Sarjine Thomas

**Address:**

The Editor
Church Voice
M.M. Church
L.M.S. Compound
Trivandrum - 695 033
Ph: 2311347

Articles / Feedback may be sent to :

churchvoice@gmail.com
before 15th of every month

Church Voice can be read online at our website

www.mateermemorialchurch.com

## CSI MATEER MEMORIAL CHURCH
### Regular Weekly Programme

| | | |
|---|---|---|
| | **Morning Worship (Monday to Saturday)** | 07.00 a.m |
| | Devotion Prayer (Monday to Saturday) | 07.30 a.m to 01.00 p.m |
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.00 a.m |
| | English Service | 10.00 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 09.30 a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | CEYF | 11.00 a.m |
| | BCL Union | 11.00 a.m |
| | JCF | 11.00 a.m |
| | Choir Practice | 11.00 a.m |
| | Young Family Fellowship | 05.30 p.m |
| | Contemporary Worship (First Sunday) | 06.15 p.m |
| Monday | Bible Class | 05.30 p.m |
| | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer (3 houses) | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Missionary Prayer Fellowship | 04.30 p.m |
| | Circle Prayer (3 houses) | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparation Service (First Saturday) | 07.00 p.m |

### Members of the Church Committee

| Name | Phone No. | Mobile |
|---|---|---|
| Rev. C. R. Vincent (President) | 2316544 | 9446850066 |
| Rev. Dr. L.E. Sahanam (Presbyter) | 2724658 | 9400370085 |
| Rev. E. Sunin Spenzer (Presbyter) | 2316644 | 8547811284 |
| Dr. Christenson E. Sarasam (Secretary) | 2327722 | 9995100420 |
| Adv. Sarjine Thomas (Accountant) | 2435142 | 9847104775 |
| Mr. Y. Christudas | 2318213 | 9895114633 |
| Dr. S. G. Churchin Ben | 2315655 | 9447177666 |
| Dr. Arthur Jacob J. | | 9447965063 |
| Dr. S. Satheesh | 2315232 | 9447104460 |
| Mr. T. Jayakumar Alfred | 2534781 | 9895110652 |
| Mr. R. Sajan Samson | 2555013 | 9447153170 |
| Er. Joshi Das Y.S. | 2315106 | 9446052121 |
| Mrs. Charlet Bai Robert Singh | 2436338 | 9495551064 |
| Mrs. Pushpa Madan | | 9847215215 |
| Dr. John Sajit Edwin | 2326839 | 9847040490 |
| Church Office | 2311347 | |
| Mr. G. Sivanandan (Sexton) | | 9446616080 |
| Mr. G. Wilson (Parish Asst.) | | 9447525339 |
| Mr. T. Rajeev (Peon Cum Gardener) | | 9895801012 |

## From the Presbyter's desk



Theme of the year

**'Pastoral Ministry in the urban context'**

Sub Theme- Enabling the congregation to bear witness.

Dearly beloved one in Christ,

At the very outset of the year, I would like to greet you in the mighty and wonderful name of our Lord and Saviour Jesus Christ. We have celebrated Christmas with joy and in its reverance. Let us all be greatful to Him for sustaining as althrough 2013. Let us also pray for another wonderful and promising New Year 2014. May God bless and keep us as a faithful community of believers.

**Golden verse of the month:**

'Now faith is the substance (assurance) of things hoped for, the evidence (a conviction) of things not seen.' (Heb. 11:1)

'വിശ്വാസം എന്നതോ ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു.' (എബ്രാ. 11:1)

Faith is the essence of Christian life. We usually affirm our faith in our worship services. The eternal father has given Himself to 'redeem' the universe from sin and to have eternal life. St.John says, 'for God so loved the world that he gave his only begotten son that whoever believeth in Him should not perish, but have eternal life' (John. 3:16).

Faith and belief are co-related words. We, His disciples could believe in Him and have faith. Jesus responds must have surprised the faith community, for he emphatically affirmed the faith of women who had great faith - 'O women, great is thy faith' (Matthew. 15:28). Faith is internal while belief is external expression of faith. In other words, belief is the outcome of faith. St. Paul says that, faith is the substance which gives hope to the unseen things (Heb. 11:1). The nature of the kingdom is such that even an ordinary woman or a man find his/her place in it by the power of healing.

Humans have an attraction for the blessings from the Almighty. The creator has created each and everybody in the community, to receive eternal life as well as the blessings of the life in this world. The believers are called to serve as a paradigm for the conduct of others in this community. All humans are equally precious to Jesus and this picture of tender touch on the persons who are experiencing the love of God in their life has become an emblem of sharing the gospel and humanitarian efforts of the Church through the demonstration of faith in life.

God gives encouragement to the people by giving rewards to faithful one. For to everyone who has will to work by faith, will be given more by the faithfulness of our Holy and loving God. Such is the wonder of this kingdom of our Lord and Saviour Jesus Christ. Hence we are called out of darkness into His marvellous light to reconcile the perishing world with the faith in Christ. Moreover, the Church is called and equipped to proclaim our faith in Christ all through our journey towards eternal goal.

Epistle to the Hebrews is an anonymous letter, traditionally believed to have written by Paul and infact is rejected by Luther and other Protestants. Some modern theologians say - it is written by Luke, nothing the style of the letter. Eventhough the authorship of this letter is unknown, this is written to the Hebrew Christians in Italy. The high priesthood of Christ, is much higher than that of Moses, prophets and angels. The epistle deals with five important instructions.

1. Christ is superior to prophets and angels (1-2)
2. Christ is greater than Moses (3-4)
3. The high priesthood of Christ (5-10:18)
4. Faith - exemplified in Old Testament (10:19-12)
5. Admonitions (ch. 13)

The concluding verse is a benediction to your faith journey 'May God's grace be with you all' (13:25). With such a hope and guidance let us enter into this New Year 2014. God will enable and equip you to work for God through our Church activities, through its various organizations and fellowships.

**Epiphany and week of prayer**


January 6th is the day of ephiphany. This helps us to remember the revelation of Christ to everybody in this world. From 5th to 11th of January, we observe the prayer week for the blessings of new year. St.Paul, the Apostle's conversion happened on January 25th, who then laboured for Christ with a definite vision he had received from the God. Let us also commit our lives too. On 26th January, our nation celebrates its 64th anniversary as a republic. Let us thank God for our constitution and work for the building of our nation as a sovereign, socialist, secular, democratic republic which can uphold and safeguard the needs of everyone in our country.

On behalf of the ministerial team of our Church along with the families of the presbyters, I am happy to wish you a blessed and happy new year. Let us recount the blessings that our Lord has graciously bestowed upon us all throughout last year and praise him. Prepare to receive the choicest blessings in this new year.

With regards and prayerful wishes,

Yours in Christ,
**Vincent Achen**

## SECRETARY'S REPORT



Dear friends,

"Draw near to God and He will draw near to you" (James 4:8). What a comfort to know that God is always with us - Why do we sometimes try to tread alone in life when at every moment, we have access to our Saviour? God said: "I am with you and will help you wherever you go" (Gen. 28:15), for He has assured: "I will never leave you nor forsake you" (Heb. 13:5). Wherever we are in the New Year 2014, He tends, watches and cares for us.

"As I travel down life's pathway,
Jesus keeps me day by day
And although the road is winding,
Yet, with Him, I need not stray"

The bygone year was indeed rich and rewarding. For some of us, God placed us in the home, brought many people and circumstance in our lives, permitted difficulties and pain, but enabled us to overcome, took us to different places, put us in various jobs and careers, amidst all - the pervading promise was "I'll never leave you nor forsake you". Surely, God's guidance in the present, gives us courage for the future. Observance of the Thanksgiving Day on 01/12/2013 was indeed a blessing where all our family members gathered together to praise and thank the Lord for all love, care and comfort received from God. Mr. Yesudas (son of former Tamil Pastor Japamoni) is appointed as worker among migrant labourers with charge of the Prasanth Nagar mission field, experimentally for a period of 3 months. Our involvement with the Salem Mission field will be reviewed as we have completed 7 years of continuous sponsorship of this centre.

Harvest Festival 2013 was well arranged with Mr. D.P. Justus as the General Convener, M/s Binu Johnson & Jaichand Johnson as Jt. Conveners and Adv. Sarjine Thomas as Ex-officio convener. Rev. D.P. Godwin, Sr. Chaplain of Dr.SM CSI Medical College & Hospital inaugurated the sale. Through this annual fete intended for the Kothalam Project, we could raise an amount of Rs.11.5 lakh. The land price is fixed at Rs.65 lakhs (excluding documentation charges). Though the participation level has increased, all those who could not contribute are requested to rush in with your donations to fulfill our task at Kothalam. A collection drive is scheduled from the month of January, 2014. All church members are earnestly requested to contribute liberally towards the realisation of this project.

The Calendar 2014 brought out by the Church has highlighted the legacy of our missionary tradition. Women's Fellowship and Senior Citizen's

Fellowship held their anniversary functions. The Carol services of both CEYF and Church Choir were well conducted. The Combined Christmas Celebration attracted a good crowd to our campus. Sunday School Secretary Mr. Rajeshkumar Praseedam and team took a lot of pains to enrich the programme. Mr. Jothi Sathianess co-ordinated the Manger & Christmas Tree competitions. Er. Sam Moses took lead in the exterior decoration and CEYF members organised the interior decoration of our Church. Both Prof. Mrs. Charlet Bai Robert Singh and Mrs. Pushpa Madan took care of Christmas Kit and Clothing, which was carried out very systematically.

The Christmas Carol singing which was spread for almost a month and carried out by five groups under the leadership of M/s T. Jayakumar Alfred, Er. Joshi Das YS and Adv. Sarjine Thomas and our revered Pastors covering all our houses has indeed helped to stir up our ministry and house visit. Through the Christmas worship and year end services, we are all enriched and recharged to cheerfully welcome the New Year.

Our church member, Mr. Sukridan K Das (Bangalore) was called to eternal rest on 21/12/2013. Let us uphold his family members in our prayers.

Wish you all a Christ-centered and Blessed New Year 2014.

Yours in His Ministry,

**Dr. Christenson E. Sarasam**
Church Secretary



# പ്രതിവാര ധ്യാനം

**ജനുവരി 2014**

ജനുവരി 5, 2014, ഉടമ്പടി ഞായർ

വിഷയം: **സർവ്വരോടുമുള്ള ദൈവത്തിന്റെ വെളിപ്പാട്**

യെശയ്യ 60:1-7, സങ്കീ:98, എബ്രാ.1:1-12, മത്താ 8:5-13

ജനുവരി 12, 2014, രണ്ടാം ഞായർ

വിഷയം: **ശരീരത്തെ ദൈവത്തിന്റെ ആലയമായി മാനിക്കൽ**

സഭാ.പ്ര 6:1-12, സങ്കീ:1, 1.കൊരി.3:16-23, മത്ത.5:21-30

ജനുവരി 19, 2014, മൂന്നാം ഞായർ

വിഷയം: **ഐക്യത്തിനായുള്ള ആഹ്വാനം**

യെഹെ. 37:15-23, സങ്കീ:133, എഫെ.4:1-6, യോഹ.15:1-12

ജനുവരി 26, 2014, റിപ്പബ്ലിക് ദിനം

വിഷയം: **രാഷ്ട്രനിർമ്മാണത്തിലെ പങ്കാളിത്തം**

നെഹ. 2:11-18, സങ്കീ:101, 1 പത്രൊ.2:11-17, ലൂക്കൊ.3:7-14

# ശുഭപ്രതീക്ഷയോടെ പുതുവർഷത്തിലേക്ക്

റവ. ഡി. ജേക്കബ്ബ്
(ട്രഷറർ, ദക്ഷിണ കേരള മഹായിടവക)

'നെരിപ്പോടിൽ പ്രതീക്ഷയുടെ കനൽ സൂക്ഷിക്കുന്നവർക്കും സ്വയം നവീകരിക്കാൻ തയ്യാറാവുന്നവർക്കും മാത്രമാണ് പുതുവത്സരങ്ങൾ പുലരുന്നത്' എന്ന് വായിച്ചത് ഓർക്കുന്നു. സ്വർണ്ണപ്പണിക്കാരൻ ഉപയോഗിക്കുന്ന നെരിപ്പോടിൽ സശ്രദ്ധം നോക്കിയാൽ പുറമേയെല്ലാം ശാന്തമാണ്. എന്നാൽ ഉള്ളിൽ തീയുണ്ട്. പുറമേ ജ്വാലയില്ലാതിരിക്കുമ്പോഴും ഉള്ളിൽ തീയുണ്ട് എന്ന് സ്വർണ്ണപ്പണിക്കാരനറിയാം. അത് പ്രയോജനപ്പെടും എന്ന പ്രതീക്ഷ അയാൾക്കുണ്ട്. ജീവിതത്തിന്റെ നൊമ്പരങ്ങളും വേദനകളും ഉള്ളിൽ തീ പോലെ സൂക്ഷിച്ച് ശാന്തമായി പ്രതീക്ഷ കൈവിടാതെ ജീവിക്കുന്ന മനുഷ്യരാണ് ഇന്നുള്ളത്. ജീവിതത്തെ വ്യത്യസ്തമായി കാണേണ്ടതുണ്ട്. **ഭൂതകാലത്തെ നഷ്ടവും പരാജയവും വേദനയുമല്ല ഓർമ്മിക്കേണ്ടത്; മുന്നിലെ അവസരങ്ങളും സാദ്ധ്യതകളും ജീവിതത്തിലുണ്ടായ നേട്ടങ്ങളും വിജയങ്ങളുമാണ്.** ഭൂതകാലത്തെ നെരിപ്പോടിൽ നിന്ന് പാഠങ്ങൾ ഉൾക്കൊണ്ട് പ്രതീക്ഷയോടെ മുന്നേറാൻ കഴിയണം. മത്താ.14:22-33 വരെയുള്ള വേദഭാഗത്ത് പുതുവർഷത്തേക്ക് ആവശ്യമായ ചില ഓർമ്മപ്പെടുത്തലുകൾ കർത്താവ് നൽകുന്നുണ്ട്.

1. **പടകിലാണ് യാത്ര**

പടകിൽ കയറി ശിഷ്യന്മാരെ യേശു അക്കരയ്ക്കു പോകുവാൻ നിർബ്ബന്ധിച്ചു. എന്തുകൊണ്ട് യേശു അവരെ നിർബ്ബന്ധിച്ചു? അഞ്ച് അപ്പവും രണ്ട് മീനും കൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ചപ്പോൾ ജനം യേശുവിനെ രാജാവാക്കുവാൻ ഭാവിച്ചു (യോഹ.6:15). അതിൽ നിന്ന് രക്ഷപ്പെടാൻ യേശു ശിഷ്യന്മാരെ ഗലീലക്കടലിനക്കര പോകാൻ നിർബ്ബന്ധിക്കുകയും യേശു തനിച്ച് പ്രാർത്ഥിക്കാൻ മലമേൽ കയറിപ്പോവുകയും ചെയ്തു (യോഹ.6:15, മത്താ.14:23).

പടകിലാണ് ശിഷ്യന്മാർ അക്കരെയ്ക്ക് പോകുന്നത്. ജലയാത്ര ആസ്വദിക്കുന്ന ധാരാളം പേരുണ്ട്. അതു സാധാരണയായി യന്ത്രവൽകൃത ബോട്ടുകളിലായിരിക്കും. സുഖവും സുരക്ഷിതവുമായ യാത്ര ആസ്വാദ്യകരവും ആയിരിക്കും. എന്നാൽ പടക് യന്ത്രവൽകൃതമല്ല. അതുകൊണ്ട് യാത്ര സുരക്ഷിതവുമല്ല. പടക് മറിയാനും ജീവന് അപകടം സംഭവിക്കാനും സാധ്യത കൂടുതലാണ്. മനുഷ്യജീവിതം പടകിലെ യാത്രയ്ക്ക് സമാനമാണ്.

ഏതു സന്ദർഭത്തിലും മുങ്ങാനും തകരാനും സാധ്യതയുണ്ട് എന്ന തിരിച്ച റിവ് നമുക്കുണ്ടാകണം.

'എങ്കിലും ഈ അത്യന്തശക്തി നിങ്ങളുടെ സ്വന്തം എന്നല്ല, ദൈവ ത്തിന്റെ ദാനമത്രേ എന്ന് വരേണ്ടതിന് ഈ നിക്ഷേപം ഞങ്ങൾക്ക് മൺപാ ത്രങ്ങളിൽ ആകുന്നു ഉള്ളത്' (2.കൊരി.4:7) എന്ന് പൗലോസ് ഓർമ്മപ്പെടു ത്തുന്നു. മൺപാത്രത്തിലെ നിധി (അത്യന്തശക്തി) സൂക്ഷിച്ചിരിക്കുന്നത് മൺപാത്രത്തിലാണ്. വീഴാനും ഉടയാനും സാധ്യതയുണ്ട് എന്ന് പൗലോസ് ഓർമ്മപ്പെടുത്തുന്നു. കഷ്ടം സഹിക്കുമ്പോഴും, ബുദ്ധിമുട്ടുമ്പോഴും, ഉപദ്രവം അനുഭവിക്കുമ്പോഴും വീണ് പൊട്ടിപ്പോകാൻ ഇടയുണ്ട്. അതിനാൽ ജീവി തത്തെ ഗൗരവമായി കാണണം.

2. **'അഹം' ഭാരമുള്ളതാകരുത്**

യേശു കടലിന്മേൽ നടക്കുന്നു എന്ന് പത്രോസ് മനസ്സിലാക്കിയ പ്പോൾ യേശുവിനൊപ്പം നടക്കാനുള്ള ആഗ്രഹം പ്രകടിപ്പിച്ചു. പടകിൽ നിന്ന് ഇറങ്ങി വെള്ളത്തിന്മേൽ നടന്ന് യേശുവിനരികിൽ ചെല്ലാൻ ശ്രമിച്ചു. എങ്കിലും അവൻ മുങ്ങാൻ കാരണമെന്ത്? അവൻ **പേടിച്ചു** എന്നും, **സംശ യിച്ചു** എന്നും, **അവിശ്വാസിയായി** എന്നും വേദഭാഗം വ്യക്തമാക്കുന്നു (മ ത്താ.14:30-31). അവിശ്വാസം, പേടി, സംശയം എന്നിവ ജീവിതവിജയത്തിന് പ്രതിബന്ധങ്ങളാണ്. ഇസ്രായേൽ ജനത്തെ നടത്തുവാൻ ത്യാഗം അനുഭ വിച്ച മോശെയ്ക്കും അഹരോനും വാഗ്ദത്ത നാട് പോയി കാണാൻ കഴി യാത്തത് അവിശ്വാസമാണ് (സംഖ്യ.20:12). കർത്താവ് ജനത്തെ മിസ്രയീ മിൽ നിന്ന് രക്ഷിച്ചിട്ടും വിശ്വസിക്കാത്തവരെ പിന്നതേതിൽ നശിപ്പിച്ചു (യൂ ദാ.5). അതുകൊണ്ട് അവിശ്വാസമുള്ള ദുഷ്ടഹൃദയം ആർക്കും ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതുണ്ട് (എബ്രാ.3:12). ഒരു താലന്ത് ലഭിച്ചവന് അത് വർദ്ധിപ്പി ക്കാൻ കഴിയാത്തത് ഭയമാണ് (മത്ത.25:25). **ഭയപ്പെടരുത്** എന്നതത്രേ വേദ പുസ്തക സന്ദേശം. ആദ്യ ക്രിസ്തുമസിന് ഇടയന്മാർക്ക് ലഭിച്ച സന്ദേശവും മറ്റൊന്നല്ല. സംശയിക്കുന്നവനെക്കുറിച്ച് യാക്കോബ് ഇപ്രകാരം പറയുന്നു. 'സംശയിക്കുന്നവൻ കാറ്റടിച്ച് അലയുന്ന കടൽത്തിരയ്ക്ക് സമൻ' (യാക്കോ ബ്.1:6). അവിശ്വാസം, ഭയം, സംശയം എന്നിവ ജീവിതവിജയത്തിന് തടസ്സം മാത്രമല്ല അവർ പത്രോസിനെപ്പോലെ ജീവിതസാഗരത്തിൽ മുങ്ങിപ്പോ കാനും സാദ്ധ്യതയുണ്ട്.

പടകിൽ നിന്ന് ഇറങ്ങി യേശുവിനരികിലേക്ക് നടക്കുമ്പോൾ അവന്റെ 'അഹ'ത്തിന് ഭാരമില്ല, കാരണം അവന്റെ കണ്ണുകൾ യേശുവിൽ പതിച്ചിരിക്കുന്നു. എന്നാൽ എപ്പോഴോ ആ കണ്ണുകൾ തന്നിലേക്ക് തന്നെ അഹന്തയോടെ നോക്കിയിട്ടുണ്ടാകും. അപ്പോൾ അവൻ ഇളകിമറിയുന്ന തിര മാലകളും ആഞ്ഞടിക്കുന്ന കൊടുങ്കാറ്റും കണ്ടു. അവൻ മുങ്ങാൻ ആരംഭി

ച്ചു. മറ്റു ശിഷ്യന്മാരെക്കാൾ എനിക്ക് ഗുരുവിനെപ്പോലെ വെള്ളത്തിന് മീതേ നടക്കാനാവും എന്ന അഹന്ത പത്രോസിന്റെ പരാജയത്തിന് കാരണമായി. യേശുവിങ്കലേക്ക് നോക്കുന്നവർ പ്രകാശിതരാവും; അവർ ലജ്ജിച്ചുപോവുകയുമില്ല (സങ്കീ.34:5). അതിനാൽ വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കി മുന്നോട്ട് യാത്രചെയ്യാൻ എബ്രായ ലേഖനകർത്താവ് ആഹ്വാനം ചെയ്യുന്നു (എബ്രാ.12:2).

**3. കരം പിടിച്ചു നടത്തുന്ന ക്രിസ്തു**

പത്രോസ് കടലിൽ മുങ്ങിത്തുടങ്ങുമ്പോൾ യേശു അവനെ കൈനീട്ടി അവനെ പിടിച്ചു (മത്താ.14:31). അത് സംഭവിച്ചത് രാത്രിയിലെ നാലാം യാമത്തിലാണ്. ഒരു രാത്രിക്ക് നാല് യാമങ്ങളുണ്ട് എന്ന് പ്രാചീനർ വിശ്വസിച്ചിരുന്നു. 6 മുതൽ 9 വരെ ഒന്നാം യാമവും 9 മുതൽ 12 വരെ ണ്ടാം യാമവും 12 മുതൽ 3 വരെ മൂന്നാം യാമവും 3 മുതൽ 6 വരെ നാലാം യാമുമാണ്. ചുരുക്കത്തിൽ രാത്രി മുഴുവനും ഉറങ്ങാതെ പ്രാർത്ഥിക്കുകയും തന്റെ ശിഷ്യരുടെ ക്ഷേമത്തിൽ ജാഗ്രതയുള്ളവനുമായിരിക്കുകയും ചെയ്യുന്ന ദൈവപുത്രൻ. യേശു ഇമ്മാനുവേലാണ്; ലോകാവസാനത്തോളം എല്ലാ നാളും കൂടെയുള്ളവനാണ് (മത്താ.1:22; 28:20). നമ്മുടെ പരിപാലകനായ ദൈവം മയങ്ങുകയോ ഉറങ്ങുകയോ ഇല്ല. ഹാഗാറിന്റെ ദു:ഖത്തിലും, ലാസറിന്റെ മരണത്തിലും, കാനാവിലെ കല്യാണത്തിലും തിരുസാന്നിദ്ധ്യമുണ്ട്. അത് സന്തോഷിപ്പിക്കുന്ന, ആശ്വസിപ്പിക്കുന്ന, സാന്ത്വനപ്പെടുത്തുന്ന സാന്നിദ്ധ്യമാണ്. മുങ്ങിത്താണ് പോകും എന്ന് ചിന്തിക്കുമ്പോഴും പിടിച്ചുയർത്താൻ ഒരു വലംകരം ഉണ്ടാകും എന്നത് ഉറപ്പാണ്.

പ്രിയപ്പെട്ടവരെ, നാം പുതുവർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു. നമ്മുടെ ജീവിതയാത്ര പടകിലാണ് എന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. അതിനാൽ വളരെ ജാഗ്രതയോടും പ്രാർത്ഥനയോടും കൂടെ ഓരോ ദിവസവും ജീവിക്കണം. **ഓരോ ദിവസവും പുതിയ ദിവസമാണ്. പുതിയ കൃപയോടും പ്രതീക്ഷയോടും ജീവിക്കുവാൻ സാധിക്കണം.** സാധ്യതകളും, സാഹചര്യങ്ങളും മാറുമ്പോൾ അഹങ്കരിക്കാൻ ഇടയാകരുത്. ഭാവിക്കേണ്ടതിന് മീതെ ഭാവിക്കുന്നത് സുബോധമില്ലായ്മയുടെ ലക്ഷണമാണ്. ദൈവം നമ്മുടെമേൽ ദൃഷ്ടിവെച്ച് ആലോചന പറഞ്ഞ് തരുമ്പോൾ നമ്മുടേയും നയനങ്ങൾ അവന്മേൽ പതിച്ചിരിക്കണം. അവനെ പിരിഞ്ഞ് നമുക്കൊന്നും ചെയ്യുവാൻ കഴിയുകയില്ല. കൂടാതെ, വീണാലും നിലംപരിശാകാൻ അനുവദിക്കാത്ത, ചതഞ്ഞ ഓട ഒടിച്ചുകളയാതെയും, പുകയുന്ന തിരിയെ കെടുത്തിക്കളയാതെയുമിരിക്കുന്ന ദൈവം പരിപാലകനും ആശ്വാസപ്രദനുമായി എപ്പോഴും കൂടെയുണ്ട്. എല്ലാവർക്കും പുതുവത്സരാശംസകൾ.

# പുതിയ തുടക്കം

**ജോർജ്ജ് ബഹനാൻ റ്റി.**
(കൗൺസലർ & തെറാപ്പിസ്റ്റ്)

Life is full of beginnings. മനുഷ്യജീവിതം അനേകം തുടക്കങ്ങളുടെ ആകെത്തുകയാണ്. എന്തെങ്കിലും തുടങ്ങാൻ രണ്ട് അത്യാവശ്യകാര്യങ്ങളുണ്ട് - വിശ്വാസവും തീരുമാനവും. ഡോ. സ്റ്റാന്റ്ലി ജോൺസിനോട് കുറേ സർവ്വകലാശാലാ വിദ്യാർത്ഥികൾ ചോദിച്ചു. വിജയിക്കാൻ, ലക്ഷ്യത്തിലെത്തിച്ചേരാൻ ഞങ്ങൾ എന്തു ചെയ്യണം? സംശയലേശ്യമെന്നേ സ്റ്റാന്റ്ലി ജോൺസ് മറുപടി പറഞ്ഞു: “Trust in the Lord and do the right thing.” ഇതിൽ മൂന്നു കാര്യങ്ങളുണ്ട് - വിശ്വാസം, തീരുമാനം, തുടക്കം.

വേദപുസ്തകത്തിലെ ഒരു സുപ്രധാന തുടക്കം അഥവാ വഴിത്തിരിവ് ഉൽപ്പത്തി പുസ്തകത്തിൽ നാം വായിക്കുന്നു. ഒരു വലിയ പ്രളയത്തിനു ശേഷം ദൈവം നോഹയിലൂടെ ഒരു പുതിയ തുടക്കം കുറിക്കുന്നതിന്റെ പ്രചോദനാത്മകമായ ഒരു സംഭവം വേദപുസ്തകം നമുക്ക് നൽകുന്നു.

ദൈവത്തിന് നോഹയിൽ പൂർണ്ണവിശ്വാസമുണ്ടായിരുന്നു. നോഹയ്ക്ക് ദൈവത്തിലും. നോഹ ദൈവത്തിന്റെ കൃപ ലഭിച്ചതായി നാം വായിക്കുന്നു. എന്തായാലും അതൊരു നല്ല തുടക്കമായിരുന്നു. ദൈവം നോഹയ്ക്ക് അനുഗ്രഹിച്ച് നൽകിയ വിവരവും, വിവേകവും നോഹ ഉപയോഗിച്ചു. പേമാരിയും പെരുവെള്ളവും വരുവാനിരിക്കുന്ന പ്രളയവും നോഹയുടെ മനസ്സിൽ തെളിഞ്ഞു നിന്നു. പക്ഷേ നോഹ പ്രളയത്തിന് വളരെ മുമ്പ് തന്നെ പെട്ടകത്തിന്റെ പണി തുടങ്ങി. ദൈവത്തിന്റെ പ്ലാൻ നോഹ അതുപോലെ പെട്ടകമാക്കി!! ‘The only preparation for tomorrow is the right use of today’. അതായത്, Live today. നാളെയെപ്പറ്റി വിചാരപ്പെടരുത്. ഇന്ന് ജീവിക്കുക. മത്താ. 6:34-ൽ കർത്താവ് വ്യക്തമായി പറയുന്നു.

പിന്നെ നാം കാണുന്ന കാഴ്ച പ്രളയമാണ്. ദൈവം സൃഷ്ടിച്ച ഭൂമി മുഴുവൻ വെള്ളത്തിലായി 40 രാവും 40 പകലും മഴ പെയ്തു. നോഹയുടെ പെട്ടകം വെള്ളത്തിൽ ഒഴുകി നടന്നു നീണ്ട 150 ദിവസം. ഭൂമിയിലുള്ളതെല്ലാം ചത്തൊടുങ്ങി.

പുതിയൊരു തുടക്കത്തിനു വേണ്ടിയുള്ള തയ്യാറെടുപ്പ്. അവസാനം വെള്ളം താണു. നോഹയുടെ പെട്ടകം അരാരത് പർവ്വതത്തിൽ ഉറച്ചു. അരാരത് വിശുദ്ധമായ സ്ഥലമാണ്. അവിടെ നിന്നും നോഹ മനോഹരമായ ഒരു ദൃശ്യം കണ്ടു. സൂര്യപ്രകാശത്തിൽ മിന്നിത്തിളങ്ങുന്ന പർവ്വതനിരകൾ ഒരു വിശുദ്ധിയുടെ പർവ്വതത്തിൽ നിന്ന് നോഹ അനന്തമായ ലക്ഷ്യ

ങ്ങളുടെയും പ്രതീക്ഷകളുടെയും പർവ്വതശിഖരങ്ങൾ നോക്കി നിന്നു.

എന്റെയും, നിങ്ങളുടെയും ജീവിതത്തിൽ പ്രശ്നങ്ങളും, പ്രതിസന്ധികളും, കൊടുങ്കാറ്റും, പേമാരിയും, പ്രളയമുണ്ടാകാം തീർച്ച. പക്ഷേ സാധ്യതകളുടെ, അവസരങ്ങളുടെ പർവ്വതനിരകൾ ദൂരെയുണ്ട് എന്ന് ഉറച്ച് വിശ്വസിക്കുക. പക്ഷേ ദൈവം പറയുന്നതുപോലെ പെട്ടകം ഉണ്ടാക്കിയിരിക്കണം.

പെട്ടകത്തിന്റെ വാതിലുകൾ തുറന്ന് എല്ലാ ജീവജാലങ്ങളും സന്തോഷത്തോടു കൂടി പുറത്തുവന്നു. അവിടെ ഒരു പുതിയ യുഗം ആരംഭിക്കുകയാണ്. അതിനുള്ള മഹത്തായ പുറപ്പാടാണ് നടക്കാനുള്ളത്. ആരാധനയോടു കൂടി നോഹ അത് ആരംഭിച്ചു. നോഹ ദൈവത്തിന് യാഗം കഴിച്ചു. 'ദൈവം നോഹയെയും അവന്റെ പുത്രന്മാരെയും അനുഗ്രഹിച്ചു'. അവർക്ക് അനേകം വാഗ്ദാനങ്ങൾ നൽകി. അവസാനം ദൈവം അവർക്ക് പ്രതീക്ഷയുടെയും, ശുഭാപ്തി വിശ്വാസത്തിന്റെയും വർണ്ണശബളമായ മഴവില്ല് കാർമേഘങ്ങളിൽ കാണിച്ചുകൊടുത്തു.

ഇവിടെ കണ്ടതെല്ലാം വെറും പ്രതീകങ്ങളല്ല, കഥകളല്ല, പ്രത്യുത സംഭവങ്ങളാണ്. വേദപുസ്തകത്തിൽ കഥകളില്ല!

ഇവിടെ ഒരു വർഷം അവസാനിക്കുന്നു മറ്റൊന്ന് തുടങ്ങുന്നു. ഞാനും നിങ്ങളും അങ്കലാപ്പിലും, ആകാംക്ഷയിലുമാണ്. പക്ഷേ പെട്ടകത്തെ പർവ്വതത്തെ ഉറപ്പിച്ച ദൈവം, പർവ്വതശിഖരങ്ങൾ കാണിച്ചുകൊടുക്കുന്ന ദൈവം, മഴവില്ലിനെ കാണിച്ച ദൈവം നമ്മോടൊപ്പമുണ്ട്. ഇതൊരു യാത്രയാണ്. മരുഭൂമിയും മണൽക്കാറ്റും ഇളകിമറിയുന്ന കടൽ തിരകളും താണ്ടിയുള്ള നമ്മുടെ യാത്രയ്ക്ക് അർത്ഥമുണ്ട് ലക്ഷ്യമുണ്ട്. പെട്ടകം പണിയേണ്ടത് ഇന്നാണ്. നാളെ മഴ പെയ്യും. വിശ്വാസത്തിൽ പെട്ടകം പണിയാൻ തീരുമാനമെടുക്കുമ്പോൾ പുതിയ തുടക്കങ്ങൾ ഉണ്ടാകും. ധീരതയോടെ ഇറങ്ങിപ്പുറപ്പെടുന്നവർക്ക് ദൈവം പ്രകാശിക്കുന്ന പർവ്വതശിഖരങ്ങളും വർണ്ണാഭമായ മഴവില്ലും കാണിച്ചുകൊടുക്കും. ഈ പുതുവർഷത്തിൽ എല്ലാവർക്കും മഞ്ഞണിഞ്ഞ മാമലകളും വർണ്ണശബളമായ മഴവില്ലും ആശംസിക്കുന്നു.

## M.M.Church Cemetery Rules

(Ref. Churchvoice October 2013 Issue)

Referring to the M.M. Church cemetery rules published in September 2013 issue of Church Voice, it was resolved to clarify and amend the rules with an additional clause as follows: (1) Burial of associate members in our cemetery and (2) burial of grand children in the existing tomb cannot be done as a matter of right. The Church committee reserves the discretion to consider such requests and to decide as per merit of each case.

**Church Committee**

# വിജയ രഹസ്യം

**ജോർജ്ജ് ചെറിയാൻ**
(മിഷൻസ് ഇന്ത്യ)

സാദ്ധ്യതകളും, വെല്ലുവിളികളും, അവസരങ്ങളും നിറഞ്ഞ പുതിയ വർഷത്തിനായി നമുക്ക് ദൈവത്തെ സ്തുതിക്കാം. ക്രിസ്തുവിന് വേണ്ടി ജീവിക്കാനും, ക്രിസ്തുവിനെ കൂടുതൽ സേവിക്കാനും, ക്രിസ്തുവിനെപ്പോലെ ആയിത്തീരുവാനുമുള്ള ദിവസങ്ങൾ പുതുവർഷത്തിൽ ദൈവം നമുക്ക് നൽകട്ടെ. വിശ്വാസ ജീവിതത്തിന് മാതൃകയായിരുന്ന അബ്രഹാം പ്രത്യേക അനുഭവങ്ങളുണ്ടാകുമ്പോഴും ദൈവീക പ്രത്യക്ഷതയുണ്ടാകുമ്പോഴും ദൈവത്തിന് യാഗം കഴിക്കുകയും ഉടമ്പടി പുതുക്കുകയും ചെയ്തത് പോലെ പുതിയ ആണ്ടിൽ നമ്മുടെ സമർപ്പണവും പ്രതിഷ്ഠയും പുതുക്കത്തിന് ദൈവം ഇടയാക്കട്ടെ.

നമ്മുടെ ആത്മീയ ജീവിതത്തിന് പ്രയോജനകരമായ ഏതാനും ചില പ്രതിഷ്ഠയുടെ പടികൾ ശ്രദ്ധയിൽപ്പെടുത്തട്ടെ:

1. **കൂടുതൽ ശ്രദ്ധിക്കുന്നതിനും, സംസാരം കുറയ്ക്കുന്നതിനും നമുക്ക് തീരുമാനിക്കാം.**

ജീവിതബന്ധങ്ങൾ സുദൃഢമാകുന്നതിന് ഈ സ്വഭാവം അനിവാര്യമാണ്. അമിതഭാഷണത്തിൽ പാപമില്ലാതിരിക്കില്ല എന്നാണ് ജ്ഞാനിയായ ശലോമോൻ പറയുന്നത്. നമ്മുടെ നാവിന് കടിഞ്ഞാണിട്ട്, ശ്രദ്ധയോടെ സംസാരിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

2. **പ്രാർത്ഥനയ്ക്ക് ശേഷം മാത്രം പ്രവർത്തിക്കുക**

പ്രാർത്ഥന കൂടാതെ ഒരു പ്രവർത്തനത്തിലും ഏർപ്പെടുകയില്ല എന്ന് തീരുമാനിക്കുക. നടപടി എടുത്തതിന് ശേഷം ദൈവാനുഗ്രഹത്തിന് വേണ്ടി പ്രാർത്ഥിക്കുന്ന സ്വഭാവമുള്ളവരാണ് നാം. ഇതു പലപ്പോഴും നിരാശയിലേക്കും പതനത്തിലേക്കും നയിക്കും.

3. **രഹസ്യത്തിൽ നന്മ ചെയ്യുന്നതിന് ശ്രമിക്കുക**

സൽപ്രവർത്തികൾ ധാരാളം ചെയ്യുന്നവരാണ് നാം. എങ്കിലും മനുഷ്യരുടെ മുന്നിൽ വിളങ്ങേണ്ടുന്നതിനും, അംഗീകാരത്തിനും നാം ഏറെ ആഗ്രഹിക്കുന്നുണ്ട്. രഹസ്യത്തിൽ കാണുന്ന ദൈവത്തെ പ്രസാദിപ്പിക്കുന്നതിനായി ഈ വർഷം നമുക്ക് യത്നിക്കാം.

4. **ദൈവീക ബന്ധത്തിൽ നിരപ്പാകേണ്ട കാര്യങ്ങൾ നീട്ടിക്കൊണ്ട് പോകാതിരിക്കുക**

വീഴ്ചകളുണ്ടാകാൻ സാദ്ധ്യതകളുണ്ടല്ലോ. എന്നാൽ ഉടനടി ദൈവത്തോട ഏറ്റുപറയുകയും ശുദ്ധീകരിക്കപ്പെടുകയും ചെയ്യുക.

5. **സുവിശേഷം പങ്കുവയ്ക്കുക**

ക്രിസ്തുവിനേയും അവന്റെ സ്നേഹത്തേയും പങ്കുവച്ച് മറ്റുള്ളവരെ രക്ഷയിലേക്ക് നടത്തുക. 'നിർബ്ബന്ധം എന്റെ മേൽ കിടക്കുന്നു' എന്ന് അപ്പോസ്തലൻ പറഞ്ഞതുപോലെ, മറ്റുള്ളവരോട് പങ്കുവയ്ക്കാൻ തീക്ഷണതയുള്ളവരാകാം.

6. **ജീവിതത്തിൽ ലഭിച്ച എല്ലാത്തിലും സംതൃപ്തിയുള്ളവരായിരിക്കുക**

ജീവിതസന്തോഷത്തിന്റെ രഹസ്യം ഇവിടെയാണ്. അലംഭാവത്തോട് കൂടിയ ദൈവഭക്തി (Godliness with contentment)നമ്മുടെ ജീവിതത്തെ ധന്യമാക്കി ത്തീർക്കും.

7. **ജീവിതവീക്ഷണം ക്രിയാത്മകമായി കാണുക**

നിഷേധാത്മകമായ വീക്ഷണം ജീവിതത്തെ തളർത്തും. എന്നാൽ ശുഭ പ്രതീക്ഷയോട് കൂടെ ഭാവിയെ കാണുവാൻ ദൈവകൃപയുണ്ടായാൽ പ്രതിസന്ധികളെ തരണം ചെയ്യുവാൻ ഇടയായിത്തീരും. കർത്താവിന് വേണ്ടി കർത്താവിനെപ്പോലെ കർത്താവിനോട് കൂടെ പുതുവർഷം ജീവിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

*(2008 ജനുവരിയിലെ മിഷൻസ് ഇന്ത്യ കൂട്ടായ്മയിൽ നൽകിയ പുതുവത്സര സന്ദേശം)*

## The Harvest Festival - 2013

By the grace of Lord Almighty, we were able to conduct this year's Harvest Festival - Noel Fiesta - one of the main events of our Church during 14th and 15th of this month. The festival got inaugurated by Rev. D.P.Godwin (Hon. Chaplain, Dr. SM CSI Medical College, Karakonam) by ceremoniously making the first bid.

On 14th Saturday, the auction went on upto 5 PM and continued on 15th Sunday on 10 AM onwards. The suborganizations of our Church played a vital role in their food stalls in attracting the crowd and to inspire them to stay on till the close of the sale in both days. The total contribution by the suborganizations is more than the income from auction. This was made possible by the Church choir who stands first with an amount of Rs.1,81,000 and Young Family Fellowship stand second with Rs.1,11,111 and other organizations too doing their might.

There is an increase in participation on Sunday, but the participation in total is left to the self assessment of members of the Congregation. The total income stands at Rs.11.5 lakh. A word of appreciation and gratitude to all organizations and individuals who put their effort for the successful conduct of the event.

**D. Prem Das Justus**
(Convenor, Harvest Festival - 2013)

# നോഹയുടെ പെട്ടകം നൽകുന്ന സന്ദേശം

**ഡോ. ശാന്താ യേശുദാസ്**
(ശാന്തിദൂത് ഹോസ്പിറ്റൽ, പാൽക്കുന്ന്)

ഏവർക്കും നവവത്സരാശംസകൾ! ക്രിസ്തുമസ് ദിനങ്ങൾ സന്തോഷകരമായി നാം ആഘോഷിച്ച ആലസ്യത്തിൽ അമർന്നു കിടക്കുന്ന ഈ ദിനങ്ങളിൽ 2013 എന്ന സംഭവബഹുലമായ വർഷം തന്റെ കർത്തവ്യങ്ങൾ കൃത്യമായി നിർവ്വഹിച്ച ശേഷം നമ്മോട് വിടപറയാനൊരുങ്ങുകയാണ്. മോഹന പ്രതീക്ഷകളുടെ ഭണ്ഡാരപ്പെട്ടിയായ 2014 എന്ന നവവത്സരത്തെ എതിരേൽക്കാൻ നമുക്ക് തയ്യാറാകാം.

ഈ പുതുവർഷത്തിൽ നാം അറിഞ്ഞിരിക്കേണ്ടതും നമ്മെ വഴി നടത്തേണ്ടതും നാം ചിന്തിക്കേണ്ടതുമായ അനേകം സത്യങ്ങൾ വിവരിക്കുന്ന ഒരു സംഭവമാണ് പഴയ നിയമത്തിലെ നോഹയുടെ പെട്ടകത്തിന്റെ ചരിത്രം. ഉൽപ്പത്തി 6, 7, 8, 9 എന്ന അധ്യായങ്ങൾ അൽപ്പസമയം കണ്ടെത്തി സൂക്ഷമതയോടെ ഒന്നുകൂടി വായിക്കുക. “ഗോഫർ മരം കൊണ്ട് നീയൊരു പെട്ടകം ഉണ്ടാക്കുക” എന്ന ദൈവകൽപ്പന പ്രകാരം നോഹ പെട്ടകം പണിത ചരിത്രവും അനന്തര സംഭവങ്ങളും ഈ വേദഭാഗത്തിൽ വിവരിക്കുന്നുണ്ട്. നോഹയുടെ പെട്ടകം നമുക്ക് നൽകുന്ന സന്ദേശം താഴെപ്പറയുന്നവയാണ്.

**വാർദ്ധക്യത്തിലും ഊർജ്ജസ്വലരായിരിക്കുക**

നമ്മുടെ ഭാരതത്തിൽ 60 വയസ്സു കഴിഞ്ഞവരെയാണ് നാം വൃദ്ധർ - സീനിയർ സിറ്റിസൺസ് - എന്ന് വിളിക്കുന്നത് (വികസിത രാജ്യങ്ങളിൽ ഇത് 65 വയസ്സാണ്). പെട്ടകം പണിയുമ്പോൾ നോഹയുടെ പ്രായം 600 വയസ്സ്!! ഈ സംഭവത്തിലൂടെ വാർദ്ധക്യത്തിലും ‘ആക്ടീവ്’ ആയിരിക്കണമെന്ന ഉത്തമമാതൃകയാണ് നോഹ നമുക്ക് കാണിച്ചു തന്നിരിക്കുന്നത്. ‘എനിക്ക് വയസ്സായി, ഇനി എന്നെക്കൊണ്ട് ഒന്നിനും കഴിയുകയില്ല, ഇനി ഞാൻ ഒതുങ്ങിക്കഴിയേണ്ടതാണ്’ എന്ന് സ്വയം വിലപിച്ച് ഒതുങ്ങിക്കഴിയുന്ന പ്രവണത നമ്മുടെ സമൂഹത്തിൽ വ്യാപകമാണ്. ഈ ചിന്താഗതി വൃദ്ധജനങ്ങളെ വേഗത്തിൽ കർമ്മരഹിതരാക്കും, ആരോഗ്യം ക്ഷയിച്ച് വേഗത്തിൽ ഇക്കൂട്ടർ രോഗങ്ങൾക്ക് കീഴടങ്ങേണ്ടി വരികയും ചെയ്യും. ഉദാഹരണമായി ഒരു കത്തിയെ (പിച്ചാത്തിയെ) നാം ഉപയോഗിക്കാതെ വെറുതെ വച്ചിരുന്നാൽ അത് വേഗത്തിൽ തുരുമ്പ് പിടിച്ച് ദ്രവിച്ചു പോകും. അതിനാൽ നോഹയെപ്പോലെ വാർദ്ധക്യത്തിലും കഠിനാദ്ധ്വാനം ജീവിതശൈലിയാക്കുക, വാർദ്ധക്യത്തിലും ഫലം കായ്ക്കുന്നതിന് നമുക്ക് കഴിയും.

## കാര്യങ്ങൾ മുൻകൂട്ടി പ്ലാൻ ചെയ്യുക

നോഹ പെട്ടകത്തിന്റെ പണി ആരംഭിച്ചപ്പോൾ മഴക്കാലം അടുത്തിരുന്നില്ല. നേരത്തേ പണികൾ ആരംഭിച്ചതിനാൽ ഭംഗിയായി പെട്ടകത്തിന്റെ പണി പൂർത്തിയാക്കുന്നതിന് സാധിച്ചു. **കാര്യങ്ങൾ മുൻകൂട്ടി പ്ലാൻ ചെയ്ത് നിറവേറ്റിയാൽ അസാദ്ധ്യമെന്ന് തോന്നുന്ന പല കാര്യങ്ങളും ഭംഗിയായി നിറവേറ്റാനും കഠിനമായി തോന്നുന്ന അവസരങ്ങളെ ധൈര്യമായി നേരിടുവാനും നമുക്ക് കഴിയും.** അതിനാൽ പുതുവർഷത്തിൽ ചെയ്ത് തീർക്കേണ്ട കാര്യങ്ങളെപ്പറ്റി ഒരു വാർഷിക പ്ലാൻ (Year Plan) മുൻകൂട്ടി തയ്യാറാക്കുക, അലസത എന്ന ശത്രുവിനെ ജീവിതത്തിൽ നിന്ന് തുരത്തുകയും വേണം.

## വിമർശനങ്ങളിൽ പതറരുത്

മഴയോ വെള്ളപ്പൊക്കമോ ഇല്ലാതിരുന്ന ആ ദിനങ്ങളിൽ ഇത്രയും വലിയ പെട്ടകം പണി കഴിപ്പിച്ച കാഴ്ച നോഹയുടെ അയൽക്കാരിലും ബന്ധുക്കളിലും നാട്ടുകാരിലും കൗതുകം ഉണർത്തിയിരിക്കാം എന്ന് പറയേണ്ടതില്ലല്ലോ. ഇക്കൂട്ടർ നോഹയെ പരിഹസിച്ചിരിക്കാം. ഇതുപോലെ എല്ലാ രംഗങ്ങളിലും മത്സരം നിറഞ്ഞു നിൽക്കുന്ന ആധുനിക യുഗത്തിൽ വിമർശനങ്ങൾ സ്വാഭാവികമാണ്. ഇത്തരം പരിഹാസങ്ങളും വിമർശനങ്ങളും പേടിച്ച് നോഹ പെട്ടകത്തിന്റെ പണി നിർത്തിയിരുന്നുവെങ്കിൽ നോഹയുടെ കുടുംബാംഗങ്ങളുടെയും പെട്ടകത്തിലൂടെ രക്ഷപ്പെട്ട ജീവജാലങ്ങളുടെയും അവസ്ഥ എന്താകുമായിരുന്നു. വിമർശനങ്ങളുണ്ടായാൽ അതിൽ നിരാശപ്പെടാതെയും പരാജയമുണ്ടായാൽ അവയെ ചവിട്ടുപടികളാക്കിയും മുന്നേറിയാൽ മാത്രമേ ഔന്നത്യങ്ങൾ കയ്യടക്കാൻ നമുക്ക് കഴിയുകയുള്ളൂ.

## മാനസിക പിരിമുറുക്കം അകറ്റുന്നതിന് ഒഴുകി നടക്കാം

40 രാവും 40 പകലും നീണ്ടുനിന്ന മഴക്കാലവും അതിനുശേഷം വെള്ളം വറ്റുന്നതുവരെ പെട്ടകത്തിനുള്ളിൽ കഴിഞ്ഞ് ലക്ഷ്യമില്ലാതെ ഒഴുകി നടക്കേണ്ടിവരികയും ചെയ്ത ദിനങ്ങളിൽ പെട്ടകത്തിനുള്ളിലെ യാത്രക്കാർ അനുഭവിച്ച മാനസിക സംഘർഷം അവർണ്ണനീയമായിരിക്കാം. പക്ഷേ ദൈവം തങ്ങളോടൊപ്പമുണ്ട്. ദൈവത്തിന്റെ അദൃശ്യകരങ്ങൾ തങ്ങളെ കാത്തുകൊള്ളും എന്ന ശുഭാപ്തി വിശ്വാസം അവരുടെ മനസ്സിൽ നിറഞ്ഞിരുന്നതിനാൽ ഈ അസുലഭ അവസരത്തിൽ ഒരു വിനോദയാത്ര പോലെ അവർ സന്തോഷിച്ചിരിക്കാം. ടെൻഷനില്ലാത്ത ജീവിതം നമുക്ക് ആർക്കും ദൈവം വാഗ്ദാനം ചെയ്തിട്ടില്ല. മാനസികമായ മടുപ്പ് അകറ്റുന്നതിന് പ്രയോജനകരമാണ് വിനോദയാത്രകൾ. ഈ വർഷം നമുക്കും അവധി ദിനങ്ങളിൽ കുടുംബാംഗങ്ങളോടൊത്ത് കടൽത്തീരങ്ങളിലോ, പാർക്കിലോ, മൃഗശാലയിലോ, കായൽത്തീരങ്ങളിലോ വിനോദയാത്രകൾ ക്രമീകരിക്കാം.

മനസ്സിന് റിലാക്സേഷൻ ലഭിക്കും. ഒരു ബാറ്ററിയെ റീച്ചാർജ്ജ് ചെയ്തെടുക്കുന്ന പ്രതീതി നമ്മുടെ ജീവിതത്തിൽ അനുഭവമായിത്തീരുകയും ചെയ്യും.

### സാഹോദര്യവും മതസൗഹാർദ്ദവും അനിവാര്യം

നോഹ, ഭാര്യ, ഷേം, ഹാം, യാഫെത്ത് എന്നീ പുത്രന്മാർ അവരുടെ കുടുംബങ്ങൾ എന്നിവർക്ക് പുറമെ കാട്ടുമൃഗങ്ങൾ, കന്നുകാലികൾ, ഉരഗങ്ങൾ, പക്ഷികൾ എന്നിങ്ങനെ ആണും പെണ്ണുമായി സകല ജീവജാലങ്ങളെയും ദൈവം നോഹയുടെ പെട്ടകത്തിലേക്ക് ആനയിച്ചിരുന്നു. ഭൂമിയിൽ വെള്ളം വറ്റുന്നതുവരെ അവർ അനേകനാൾ ഒന്നിച്ചുകഴിയേണ്ടി വന്ന ദിവസങ്ങളിൽ ഈ ജീവജാലങ്ങളെല്ലാം വളരെ സൗഹാർദ്ദപൂർവ്വമാണ് കഴിഞ്ഞിരുന്നത്. മാംസഭുക്കുകളായ സിംഹമോ, കരടിയോ, പുലിയോ സഹയാത്രികരായ ഒരു കാട്ടുമൃഗങ്ങളെയും ആക്രമിച്ചില്ല. ഏറ്റവും വേഗത കൂടിയ മൃഗമായ പുള്ളിപ്പുലി, വേഗത കുറഞ്ഞ ജീവിയായ ഒച്ചിനെ പരിഹസിച്ചില്ല. മരംകൊത്തി പക്ഷി പെട്ടകത്തിന്റെ ഭിത്തിയിൽ കൊത്തി സുഷിരങ്ങൾ ഒന്നും ഉണ്ടാക്കിയില്ല. ഏകോദര സഹോദരങ്ങളെപ്പോലെ അവർ കഴിഞ്ഞുകൂടി. നമ്മുടെ സമൂഹത്തിലും സഭകളിലും സ്ഥാപനങ്ങളിലും പലപ്പോഴും പുറത്തുള്ളവരെക്കാൾ അകത്തുള്ളവർ അപകടകാരികളും നന്ദികെട്ടവരും ആയിക്കൊണ്ടിരിക്കുന്ന ആധുനികയുഗത്തിൽ സ്നേഹം, സാഹോദര്യം, പരസ്പര വിശ്വാസം എന്നീ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ജീവിക്കേണ്ടതിന്റെ ആവശ്യകത നോഹയുടെ പെട്ടകം നമ്മെ പഠിപ്പിക്കുന്നു.

### സമയം തക്കത്തിൽ ഉപയോഗിക്കുക

സമയം തക്കത്തിൽ ഉപയോഗിക്കുക എന്ന ആഹ്വാനം നാം കേൾക്കാത്ത നവവത്സര ദിനങ്ങൾ ഇല്ല. ജനപ്പെരുപ്പം, സാങ്കേതിക പുരോഗതി, സാമൂഹ്യ-സാംസ്ക്കാരിക മാറ്റങ്ങൾ, വിവരസാങ്കേതിക വിദ്യ തെളിയിക്കുന്ന നൂതന മാർഗ്ഗങ്ങൾ, സാമ്പത്തിക മാറ്റങ്ങൾ, മതപരവും വൈദ്യശാസസ്ത്രപരവുമായ ചിന്താഗതിയിലെ മാറ്റങ്ങൾ എന്നിവ നിമിത്തം എവിടെയും അനിശ്ചിതാവസ്ഥയും ഭയവിഹ്വലതകളും വർദ്ധിച്ചിരിക്കുന്ന ആധുനിക യുഗത്തിൽ ഭയപ്പെടാതെ സമയം തക്കത്തിൽ ഉപയോഗിച്ച് ഇന്ന് ചെയ്യേണ്ട കാര്യങ്ങൾ നാളെ ചെയ്യാം എന്ന് മാറ്റിവെയ്ക്കാതെ നമ്മുടെ ഓരോ ദിവസങ്ങളും ഫലപ്രദമായി ചെലവഴിക്കാൻ നമുക്ക് ശ്രമിക്കാം. 'ഭയപ്പെടേണ്ട ഞാൻ നിന്നോട് കൂടി ഉണ്ട്' എന്ന ദൈവശബ്ദം ശ്രവിച്ച് നമുക്ക് മുന്നേറാം. ഇപ്രകാരം ചെയ്യുമ്പോൾ അദൃശ്യമായ ദൈവകരങ്ങൾ ഏതു പ്രതിസന്ധിയെയും നേരിടുന്നതിനുള്ള കഴിവ് നമുക്ക് നൽകും, നമ്മുടെ ജീവിതങ്ങളാകുന്ന പെട്ടകങ്ങളും അരാരാത് പർവ്വതം പോലെ ഔന്നത്യങ്ങളിലും സുരക്ഷിത സ്ഥാനങ്ങളിലും ഉറയ്ക്കും. നാം ധന്യരായിത്തീരുകയും ചെയ്യും.

# New Year Thoughts

**Prof. J. Ross Chandran**




Every year begins with the month of January. This month is named after the ancient Roman god Janus, the god of the Four Seasons and of gates, represented with two faces looking different ways, mainly forwards and backwards. This is only symbolic. Standing at the threshold of a new year, we leave the past behind and look into the future. In between is the short present in which we take stock of the past and equip ourselves to venture into the unchartered future.

Standing in the present, we have to answer honestly several relevant questions. Are we satisfied with what we have done? Did we seek God's guidance in each and every step we took? Are we proud of whatever we did? Is there anything of which we secretly should feel ashamed? We can raise numerous questions like these about the past. Finally, we have to think of our gameplan for the future. Where does god come in all that we feel, think, seek and act?


A teenager has exercised his imaginative mind on the number 2014. He has counted the numbers making up the new year. The total is seven. The colours in the rainbow are seven. So he greets the new year by calling it the rainbow year. There may be or may not be some sense in it.

In the Biblical story of Noah and the floods we read that God placed the rainbow in the sky to signify that the worst was over. Natural calamities, man made calamities, disastors, carnages etc. etc. were a plenty in 2013. Shall we hope and pray that the worst is over as far as 2014 is concerned? It was Cromwell who advised his followers to trust in God but be prepared for the worst. What do we make of it? The only way out is to put our absolute trust in God.




No New Year Thoughts will be complete without recalling the unique message contained in the immortal prose poem "Foot Prints" which I reproduce here in full.

# Foot Prints



One night a man had a dream. He dreamed
He was walking along the beach with the Lord.
Across the sky flashed scenes from his life.
For each scene, he noticed two sets of footprints in the sand;
one belonged to him, and the other to the Lord.

When the last scene of his life flashed before him,
he looked back at the footprints in the sand.
He noticed that many times along the path of his life
There was only one set of foot - prints.
He also noticed that it happened at
The very lowest and saddest times in his life.

This really bothered him and he questioned
The Lord about it. "Lord, you said that
Once I decided to follow you, you'd walk with
me all the way. But I have noticed that during
The most troublesome times in my life,
There is only one set of footprints.
I don't understand why when I needed you most
You would leave me."

The Lord replied, "My precious, precious child,
I love you and would never leave you.
During your times of trial and suffering,
when you see only one set of footprints,
it was then that I carried you."

It was Tennyson who sang “Ring out the old and ring in the new”. What he meant was to ring out the sad memories associated with the death of his friend and would have been brother-in-law Arthur Hallam. What he wanted to ring in was freedom from grief and God inspired solace.

Let us ring out all that is burdensome and let us ring in peace and harmony in our lives with God at the centre.

# What The New Year Should Hold

**Juliet Josephus**

As new year dawns, new thoughts arise ,
Some make new year resolutions
To leave behind the old,the past,
To start lives anew ,new beginnings.

The year slips by,the circle turns ,
We come back to where we have started,
The three sixtyfive days we lived
With nothing worthwhile being achieved.

A string of verbal promises
Unfulfilled at the end of the year,
The fruitless story of Mankind
Is the story of many a life.

Let the story of each Christian
Be one of vict'ry in God's sight,
Let all resolutions concur
With the will of God in Christian life.

The dawn of day see all knees bend,
In joyful praise of Holy God,
Be thankful His goodness provides
Another day of life –live for Him.

'Seek ye first the Kingdom of God,'
So the Holy Bible tells us,
Other things we strive for in life
Will surely add richness to our life.

God has promised untold blessings
To whosover seeks His Face,
Seek Him in the morning to praise ,
Seek Him end of day in thankfulness.

Let every step we take in life,
Each breath, whisper His Holy Name,
His grace an umbrella shall be
Protecting us from lurking dangers.

We are the new generation
Of Spirit- filled people of God,
Then let the world see us as such :
A generation for God and Truth.

Then no problem we face in life
Shall stay unsolved ,undeciphered,
Just seek His help , it's there for you,
God's mighty Hand will solve it for us.

Have you ev'r thought what we attain
Ends entombed in six-feet of land ?
All we gain, our degrees, our wealth,
Negated for ev'r at the close of life.

So seek to do great things for God ,
As life's journey we race along,
Win in life that will make Him say ,
'Well done, my child, here is your reward'.




## പുസ്തക പ്രകാശനം

നമ്മുടെ സഭാംഗമായ ശ്രീ. എ. ലിവിംഗ്സ്റ്റൺ രചിച്ച **ക്രിസ്തീയ ഭക്തിഗാനങ്ങൾക്ക് പിന്നിലെ കഥകൾ** എന്ന പുസ്തകം ഡിസംബർ 26–ന് നടന്ന നെയ്യാറ്റിൻകര മാസ് ക്വയറിന്റെ വാർഷിക ആഘോഷത്തിൽവെച്ച് മുൻ മോഡറേറ്റർ ജെ.ഡബ്ല്യു. ഗ്ലാഡ്സ്റ്റൺ തിരുമേനി പ്രകാശനം ചെയ്തു. കോപ്പികൾ നമ്മുടെ പാരിഷ് ലൈബ്രറിയിൽ ലഭ്യമാണ്.

# ഹാ! ആനന്ദത്താൽ വാഴ്ത്തുന്നേ

**(Joyful, joyful, we adore Thee)**

Words: Henry Van Dyke
Music: Ode to Joy (Beethoven)
പരിഭാഷ: മനോജ് എബനീസർ

1. ഹാ! ആനന്ദത്താൽ വാഴ്ത്തുന്നേ, മഹത്വദേവാ, സ്നേഹമേ
പൂവ് പോലുള്ളം വിരിയും, ആദിത്യനോടെന്ന പോൽ
പാപ, ദു:ഖ മേഘം മാറ്റി, ശങ്കയിൻ ഇരുൾ നീക്ക
അമർത്യാനന്ദ ദാതാവേ, സൂര്യപ്രഭ നിറയ്ക്ക.

2. നിൻ സൃഷ്ടികൾ മോദാൽ തിങ്ങും, വിൺ, മൺ നിൻ കിരണങ്ങളാൽ
താര, ദൂതർ ചുറ്റും പാടും, അഖണ്ഡ സ്തുതിപാത്രമേ
കാടും മേടും, ഗർത്തവും കുന്നും, പൂമേടയും അലകടലും
പാടും കുരുവിയും ഒഴുകും ജലവും നിന്നിൽ മോദം കൂട്ടുന്നേ.

3. നൽകുന്നോൻ നീ, ക്ഷമിക്കുന്നോൻ, വാഴ്ത്തുന്നോൻ, വാഴ്ത്തപ്പെട്ടോൻ
ജീവ മോദ ഉറവ നീയേ, നൽ സ്വച്ഛതാ കടലേ
താതൻ നീയേ, സഹജൻ ക്രിസ്തു, അൻപിൽ വാഴുന്നോർ നിന്റെ
തമ്മിൽ സ്നേഹിക്കാൻ ശിക്ഷിക്ക, പരമാനന്ദേ ഉയർത്തുക.

4. പ്രഭാത താരങ്ങൾ തൻ ഗീതമേറ്റു പാടാം മർത്യരേ
താതൻ സ്നേഹം വാഴും നമ്മിൽ, സോദര സ്നേഹം നാം തമ്മിൽ
എന്നും പാടി മുൻഗമിക്കാം, പോരിൽ വിജയാളികളായ്
ജീവ ജയ ഗീത മോദ നാദം പകലോനോട് നയിക്കുമേ.



# Bible Quiz

The aim of this Bible Quiz is to promote reading of the Bible. **The Gospel according to Matthew (NIV)** from which this month's questions are selected gives a detailed account of the teaching of Jesus. Matthew whose name was Levi was a tax collector before Jesus called him to become one of the twelve disciples, this enables Matthew to give a first-hand account of Jesus's teaching. So kindly read through the 28 chapters before attempting this quiz.

Each answer has to be accompanied with the relevant verse (reference). The answers can be written either in English or Malayalam and have to be submitted before 14th of every month either at the MM Church Office or can be emailed to churchvoice@gmail.com

1. How much was paid for the workers who were hired at the eleventh hour?
2. Who is Lord of the Sabbath?
3. Who said "I did not come to bring peace, but a sword"?
4. How many talents did the servant with the two talents gain?
5. Who was the son of Barakiah?
6. Where does the gate that is wide and the road that is broad lead?
7. Who was the son of Alphaeus?
8. Where will the vultures gather?
9. Who pleased Herod on his birthday?
10. Who was the great-grandmother of King David?

List of people who had submitted the right answers along with the reference

1. P. R. Premakumar
2. Annie Liz Manuel

**Correct answers to the quiz on John**

1. 46 years 2:20
2. Bethany 11:1
3. Simon Peter 6:68
4. Sent 9:7
5. Bethany 1:28 & Aenon near Salim 3:23
6. About 75 pounds 19:39
7. Moses 1:17 & 7:19
8. Nicodemus 3:2
9. Capernaum 6:17
10. Jesus 15:1

# സേലം മിഷൻ കേന്ദ്രം

എം.എം.ചർച്ചിന്റെ മിഷൻ കേന്ദ്രമായ സേലം കൽറായൻ ഹിൽസ് മിഷൻ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ ദൈവകൃപയാൽ വളരെ ഭംഗിയായി നടന്നുവരുന്നു. സഭ ആരാധനകൾ, ഭവന ആരാധനകൾ, ഉപവാസ പ്രാർത്ഥനകൾ, ബൈബിൾ ക്ലാസ്സുകൾ എന്നിവ ക്രമമായി നടത്തുവാൻ ദൈവം സഹായിച്ചു.

മെയിൻ സെന്ററായ കരുമൺതുറയിൽ നിന്നും 41 കിലോമീറ്റർ അകലെയുള്ള മല്ലികപ്പാടി എന്ന ഗ്രാമത്തിലും, 16 കിലോമീറ്റർ അകലെയുള്ള മൂലപ്പാടി എന്ന ഗ്രാമത്തിലും പുതുതായി ആരാധന ആരംഭിച്ചു. കരുമൺതുറ, നടുപ്പെട്ടി, കിണത്തൂർ എന്നീ ഗ്രാമങ്ങളിൽ ബൈബിൾ ക്ലാസ്സുകൾ ആരംഭിച്ചു. മൂന്നിടങ്ങളിലുമായി 93 കുട്ടികൾ ഇതിൽ പങ്കെടുക്കുന്നു. നവംബർ 17-ാം തീയതി ഞായറാഴ്ച 10 പേർ സ്നാനശുശ്രൂഷയിലൂടെ സഭയോട് ചേർന്നു. ശുശ്രൂഷകൾക്ക് റവ. സുനിൻ സ്പെൻസർ നേതൃത്വം നല്കി. നവംബർ 22, 23, 24 തീയതികളിൽ മെഡിക്കൽ ക്യാമ്പ് നടത്തപ്പെട്ടു. ഡോ. സ്റ്റീഫൻ, ഡോ. ജെയിൻ, ശ്രീ. പ്രസാദ്, ശ്രീ.കെ.ഹഡ്സൺ എന്നിവർ നേതൃത്വം നല്കി.

കരുമൺതുറ ആലയത്തിന് ഒരു പുതിയ ചർച്ച് ബിൽഡിംഗും, ഒരു ബൈക്കും, ഒരു ബോർവെല്ലും ആവശ്യമാണ്. നടുപ്പെട്ടി ആലയത്തിന് മിഷണറി ക്വാർട്ടേഴ്സും, വൈദ്യുതി കണക്ഷനും ആവശ്യമാണ്. വെള്ളിമല ആലയത്തിലെ മേൽക്കൂര അടിയന്തിരമായി പുതുക്കിപ്പണിയേണ്ടതുണ്ട്. ഇവിടെ ഒരു മിഷണറി ക്വാർട്ടേഴ്സും, വാട്ടർ ടാങ്കും ആവശ്യമാണ്. ഈ വിഷയങ്ങളെ ഓർത്ത് പ്രത്യേകം പ്രാർത്ഥിക്കണം. ഇവിടെ നടന്നുവരുന്ന പ്രവർത്തനങ്ങൾക്ക് തുടർന്നും പ്രാർത്ഥനയും സഹായവും അഭ്യർത്ഥിക്കുന്നു.

**റവ. സുജിത് എൻ.എസ്**
ഫീൽഡ് ഇൻ-ചാർജ്ജ്

---

## EVENTS from 17-11-2013 to 25-12-2013
### Crossed Jordan to be with the Lord

| Sl.No | Family No | Members | |
|---|---|---|---|
| 1 | 262 | **Mrs.Agnes John**<br>Panayil Veedu,TC 2/1705-1,GRA 651,<br>Goureshapattom,TVM 4<br>Died on 02-12-2013 |  |
| 2 | 366 | **Mr.Sukirthan K. Das**<br>No.1, Budha Vihar Road, Cox Town,<br>Banglore 560005 | Died on 21-12-2013 |
| 3 | 1853 | **Dr.Vijaya Kumari E.**<br>Alwin Villa,<br>BNRA 164A, Bhagavathy Nagar,<br>Kowdiar, TVM 3<br>Died on 25-12-2013 |  |

# കുടുംബം – ബന്ധങ്ങളുടെ കൂട്ടായ്മ

**മിസ്സിസ് ഫ്ളോറൻസ് റെയ്ചൽ സുമം വിൻസെന്റ്**

(രണ്ടാം ഭാഗം)

**യഹോവയെ ഭയപ്പെടുന്നത് എന്തിന്?**

യഹോവയെ ഭയപ്പെട്ട്, അവന്റെ വഴികളിൽ നടക്കണം എന്ന് പറയുന്നത് എന്തിനാണ്? ഭാഗ്യവാനായിത്തീരാൻ! അങ്ങനെ ഭാഗ്യവാനായ ഒരു മനുഷ്യന്റെ അനുഗ്രഹങ്ങളും അവകാശങ്ങളുമാണ് 128-ാം സങ്കീർത്തനം 2 മുതൽ 6 വരെയുള്ള വാക്യങ്ങളിൽ വിവരിച്ചിരിക്കുന്നത്. യഹോവയുടെ വഴികളിൽ നടക്കുന്ന ഏവർക്കും വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന 5 വലിയ ഭാഗ്യങ്ങൾ നമുക്ക് ചിന്തിക്കാം.

1. **നിന്റെ കൈകളുടെ അദ്ധ്വാനഫലം നീ തിന്നും**

ഈ ഭൂമിയിൽ മനുഷ്യൻ അദ്ധ്വാനിക്കുന്നത് എന്തിനാണ് എന്ന ചോദ്യത്തിന് പ്രധാന ഉത്തരം അവന്റെ ആഹാരത്തിനായി എന്നതാണ്. ശാസ്ത്രം വളർന്നിരിക്കുന്ന ഇന്ന് എല്ലാ സമൃദ്ധിയുമുണ്ട് - അദ്ധ്വാനക്കുറവ്! എവിടെയും എന്തും 'റെഡിമെയ്ഡ്' ആയി ലഭിക്കും. പലതും തിന്നാൻ പാടില്ല. അദ്ധ്വാനഫലം തിന്നുക, അനുഭവിക്കുക എന്നത് ദൈവം തരുന്ന ഒരു വലിയ അനുഗ്രഹമാണ്. യഹോവയെ ഭയപ്പെട്ട്, അവന്റെ വഴികളിൽ നടന്നാൽ നമുക്കും ഈ ഭാഗ്യകരമായ അവസ്ഥയിൽ ജീവിക്കാൻ സാധിക്കും.

2. **നിന്റെ ഭാര്യ നിന്റെ വീടിനകത്ത് ഫലപ്രദമായ മുന്തിരിവള്ളി പോലെ ഇരിക്കും**

യഹോവയുടെ വഴികളിൽ ജീവിക്കുമ്പോൾ കുടുംബബന്ധങ്ങൾ അനുഗ്രഹിക്കപ്പെടുന്നു. കുടുംബത്തിലെ ഭാര്യ യേശുവുമായി, വേദവചന ധ്യാനത്തിലും, പ്രാർത്ഥനയിലും, ആരാധനയിലും നല്ല വ്യക്തിബന്ധം പുലർത്തിക്കൊണ്ട് ഭവനാംഗങ്ങളെ നയിക്കുമെങ്കിൽ ആ ഭവനം അനുഗ്രഹിക്കപ്പെട്ടിരിക്കും. പലപ്പോഴും പ്രാർത്ഥനയിലും, വചനധ്യാനത്തിലും ഉപേക്ഷവരുത്തുമ്പോഴാണ് കഷ്ടതകളാകുന്ന ഞെരുക്കങ്ങൾ കുടുംബത്തിൽ ആഞ്ഞടിക്കുന്നത്.

3. **നിന്റെ മക്കൾ നിന്റെ മേശയ്ക്ക് ചുറ്റും ഒലിവുതൈകൾ പോലെ ഇരിക്കും**

ഒലിവ് രാജവൃക്ഷത്തിന്റെ പദവിയുള്ളതാണ്. ഒലിവെണ്ണ എണ്ണകളിൽ മേത്തരമായതുമാണ്. പരിശുദ്ധമായ സ്ഥാനം അതിനുണ്ട്. യെരുശലേം ദേവാലയത്തിൽ വിളക്ക് കത്തിക്കുന്നതിന് ഒലിവെണ്ണ ഉപയോഗിച്ചിരുന്നു. ഇന്നും നവജാത ശിശുക്കളെ പൂശുന്നതിന് ഒലിവെണ്ണ നാം ഉപയോഗിക്കാറുണ്ട്. ഒലിവ് എന്ന വൃക്ഷം ചെറിയ തൈ ആയിരിക്കുമ്പോൾ ഏതു

ദിശയിലേക്കും വളയ്ക്കുന്നതിന് കഴിയും. സദൃശ്യ വാക്യം 22:6-ൽ ശലോമോൻ ജ്ഞാനി പറയുന്നു: 'ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കുക, അവൻ വൃദ്ധനായാലും അത് വിട്ടുമാറുകയില്ല'. തീൻമേശയ്ക്ക് ചുറ്റും ഒരുമിച്ചിരുന്ന് ഭക്ഷണവും സന്തോഷവും പങ്കുവെയ്ക്കുന്നത് ഏതൊരു കുടുംബത്തിനും അമൂല്യമായ അനുഗ്രഹം തന്നെയാണ്. സങ്കീ.127:3-ൽ 'മക്കൾ യഹോവ നൽകുന്ന അവകാശവും ഉദരഫലം അവൻ തരുന്ന പ്രതിഫലവും തന്നെ' എന്ന് പറയുന്നു. നാമും ജാഗ്രതയോടെ, പ്രാർത്ഥനയോടെ മക്കളെ വളർത്തണം.

4. **യഹോവ സീയോനിൽ നിന്ന് അനുഗ്രഹിക്കും**

'സീയോൻ' എന്ന പദം വേദപുസ്തകത്തിൽ പലതരത്തിലുള്ള അർത്ഥങ്ങളോടും അനുഭവങ്ങളോടും വിവരിച്ചിട്ടുണ്ട്. വിശുദ്ധ പർവ്വതമായ സീയോൻ, ദൈവമക്കളായി ജീവിച്ച് ജയം വരിക്കുന്നവർക്കായി സ്വർഗ്ഗത്തിൽ ഏർപ്പെടുത്തിയിരിക്കുന്ന സ്ഥലമാണ്. ദൈവം സീയോനിൽ നിന്ന് അനുഗ്രഹിക്കുമ്പോൾ ലോകപ്രകാരമുള്ള അനുഗ്രഹങ്ങൾ എന്തെല്ലാം ലഭിക്കുമെന്ന് ആവർത്തനം 28:1-14 വരെയുള്ള വചനങ്ങൾ വ്യക്തമാക്കുന്നു. യേശുവിന്റെ രക്തത്താൽ ശുദ്ധീകരിക്കപ്പെട്ട, രക്ഷയുടെ സന്തോഷം, പരിശുദ്ധാത്മാവ് എന്ന ദാനം, യേശുവിന്റെ സാദൃശ്യത്തിൽ രൂപാന്തരപ്പെടൽ, ജീവന്റെ പുസ്തകത്തിൽ പേരെഴുതപ്പെടൽ, നിത്യജീവന് അവകാശിയാകൽ എന്നിവ. യഹോവയുടെ വഴികളിൽ ജീവിച്ച് ഈ അനുഗ്രഹങ്ങൾ നമുക്കും പ്രാപിക്കാം.

5. **ആയുഷ്ക്കാലമൊക്കെയും യെരുശലേമിന്റെ നന്മയെക്കാണും - നിന്റെ മക്കളുടെ മക്കളെയും കാണും**

ദൈവത്തിന്റെ വഴികളിൽ നടക്കുന്നവരെ ദൈവം ദീർഘായുസ്സ് കൊണ്ട് തൃപ്തിപ്പെടുത്തും എന്ന് സങ്കീ.91:16-ൽ പറയുന്നു. മാത്രമല്ല, അവരുടെ തലമുറകളെ കാണാനുള്ള അനുഗ്രഹവും ദൈവം കരുതിയിരിക്കുന്നു. നമ്മുടെ പൂർവ്വമാതാപിതാക്കൾ, ഇത്രയും വിദ്യാഭ്യാസമില്ലാത്തവർ, ദൈവം പറഞ്ഞിരിക്കുന്നത് അതുപോലെ വിശ്വസിച്ച്, ഞെരുക്കമുള്ള വഴി തെരഞ്ഞെടുത്ത് ജീവിച്ചതിന്റെ അനുഗ്രഹങ്ങളാണ് ഈ ആധുനിക യുഗത്തിൽ ജീവിക്കുന്ന ഇന്നത്തെ തലമുറ അനുഭവിക്കുന്നത്. ക്രിസ്ത്യാനികളായ നാം പ്രത്യാശയോടെ, പ്രതീക്ഷയോടെ കാത്തിരിക്കുന്നു! ഒരുനാളിൽ യേശു വീണ്ടുംവരും എന്ന്. അന്ന് യേശുവിനോടൊപ്പം വസിക്കണമെങ്കിൽ, ഇവിടെ ഭൂമിയിൽ, ഏതു വഴി തെരഞ്ഞെടുക്കണം എന്ന് നാം ഓരോരുത്തരും തീരുമാനിക്കണം. നമുക്ക് അതിനുള്ള സ്വാതന്ത്ര്യമുണ്ട്. അന്ന്, എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ, വരുവിൽ ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ എന്ന വിളിക്ക് യോഗ്യരാകേണ്ടതിന് ദൈവത്തെ ഭയപ്പെടാം! ദൈവത്തിന്റെ വഴികളിൽ നടന്ന് ഭാഗ്യമുള്ളവരായി ജീവിക്കാം!! അതിന് ദൈവം തന്റെ ആത്മാവിനാൽ നമ്മെ വ്യക്തിപരമായി, കുടുംബമായി, സഭയായി ശക്തീകരിക്കട്ടെ.

# "യേശുവിൻ നാമം മനോഹരം'

**രചന: വിൻസ്റ്റൺ ഐ. പാൾ, തിരുവനന്തപുരം**

യേശുവിൻ നാമം മനോഹരം
ഹാ! എത്രമാധുര്യം
വിണ്ണിനു താഴെ മണ്ണിനു മീതെ
വേറൊരു നാമമില്ല -

1. പാവനജീവനേകി, പാപിയെരക്ഷിപ്പാനായ്
ദാസവേഷം പൂണ്ടു, പാരിൽവരുനാഥാ
നിൻ നാമം വാഴ്ത്തുന്നു ഞങ്ങൾ
നിൻ നാമംഘോഷിക്കും ഞങ്ങൾ
നാഥാ, വന്നീടുകില്ലേ ഞങ്ങൾതൻ
മദ്ധ്യേ ആശിഷ മേകിടാനായ് - യേശുവിൻ-
2. കാൽവറി മാമലയിൽ കാരിരുമ്പാണികളാൽ
കർ-ത്തനെ നിൻ ദേഹം ക്രൂശിൽ തറച്ചുവോ- നിൻ നാമം
3. നശ്വരമാം ഈ ഭൂവിൽ, സ്ഥാനമാനങ്ങൾ വേണ്ടാ
ശാശ്വത ഇൻപനാട്ടിൽ, ഞങ്ങളെ ചേർത്തീടണേ - നിൻ നാമം

യേശുവിൻ നാമത്തെ പുകഴ്ത്തുകയും വാഴ്ത്തുകയും ചെയ്യുന്ന ഈ ഗാനവരികൾ രൂപം കൊണ്ടതിനു പിന്നിലുള്ള കഥ ഇപ്രകാരമായിരുന്നു. വിൻസ്റ്റൻ ഐ.പാളും സ്നേഹിതരും പള്ളി ഗായകസംഘാംഗങ്ങളായിരുന്നു. ശനിയാഴ്ച ദിവസങ്ങളിൽ വൈകുന്നേരം ഗായകസംഘം പരിശീലനം കഴിഞ്ഞു പള്ളിയങ്കണത്തിൽ സ്നേഹിതർ കൂടിയിരുന്ന് ഗാനങ്ങളെപ്പറ്റി അവലോകനം നടത്തുകയും പുതിയ പാട്ടുകളെപ്പറ്റി ചർച്ച ചെയ്യുകയും പതിവായിരുന്നു.

1970-ൽ ഒരു ദിവസം തങ്ങളുടെ ചർച്ചയ്ക്കിടയിൽ ഒരു സ്നേഹിതനിൽ നിന്നും ഒരു പുതിയ ഈണം പുറത്തുവന്നു. അതിന്റെ മനോഹാരിത ഏവരെയും ആകർഷിച്ചു. ആ രാഗത്തിൽ ഒരു പാട്ടുണ്ടായെങ്കിൽ എന്നു എല്ലാവരും ആഗ്രഹിച്ചു. വിൻസ്റ്റൺ ഇതൊരു വെല്ലുവിളിയായി മനസ്സിൽ ഉൾകൊണ്ടു. എല്ലാവരും വീടുകളിലേക്കു മടങ്ങി. രാത്രി മുഴുവൻ വിൻസ്റ്റന്റെ ചിന്ത ഗാനരചനയിലായിരുന്നു. രാത്രിയുടെ നിശബ്ദതയിൽ ധ്യാനനിരതനായി തന്റെ മനസ്സിൽ ഉരുവായ് വന്ന വരികൾ ഒരു കടലാസ്സിൽ കുറിച്ചു. താൻ ഉദ്ദേശിക്കുന്ന ഈണത്തിൽ ഒന്നു മൂളിനോക്കി. അതു അനുയോജ്യമാണെന്നു മനസ്സിലാക്കി. പ്രാർത്ഥനയോടെ നിദ്രയിലായി.

അടുത്ത പ്രാവശ്യം സ്നേഹിതർ ഒരുമിച്ചു കൂടിയപ്പോൾ ശങ്കയോടെയാണെങ്കിലും എഴുതിയ വരികൾ അവതരിപ്പിച്ചു. സ്നേഹിതർ ചേർന്നു

പാടി നോക്കി എല്ലാവരും ആഹ്ലാദഭരിതരായി. അങ്ങനെ ഒരു ഗാനത്തിന്റെ പിറവിയായി പലവേദികളിലും അവതരിപ്പിച്ച് പ്രശംസ പിടിച്ചു പറ്റി. വിൻസ്റ്റൺ ഐ.പാൾ രചിച്ച ആദ്യഗാനം ഇന്നും സഭാവ്യത്യാസമെന്യെ പാടി ആനന്ദിക്കുന്ന 'ഒരു ഇഷ്ടഗാനം' യേശുവിൻ നാമത്തെ പുകഴ്ത്തു ന്നതിനും വാഴ്ത്തുന്നതിനുമായി ഉപയോഗിക്കപ്പെടുന്നു.

വിൻസ്റ്റൺ ഐ. പാൾ 1950-ൽ ശ്രീ ഐ. പാൾ ശാസ്ത്രിയുടെയും ജയിൻ അന്നമ്മയുടെയും മകനായി തിരുവനന്തപുരത്ത് ജനച്ചു. സഭയുമായും സമൂഹവുമായും ഏറെ പ്രതിബന്ധതയുള്ള ഒരു കുടുംബം. പിതാവ് പാൾ ശാസ്ത്രി ആദരണിയനായ യശ:ശരീരനായ ബിഷപ്പ് ഐ. യേശുദാസൻ തിരുമേനിയുടെ ജ്യേഷ്ഠനാണ്. മാതാവ് ജയിൻ അന്നമ്മ, സി.എസ്.ഐ. മെറ്റീർ മെമ്മോറിയൽ സഭയിൽ ഡീഖനും അക്കൗണ്ടന്റുമായിരുന്ന ശ്രീ. ജി. ദേവനായകത്തിന്റെയും ലൂയിസാ ദേവനായകത്തിന്റെയും മകളാണ്. കുടും ബപശ്ചാത്തലം വിൻസ്റ്റനെ സഭാ കാര്യങ്ങളിൽ കൂടുതൽ അടുപ്പിച്ചു. ഒരു ഗായികയും സഭാകാര്യങ്ങളിൽ വ്യാപൃതനുമായ പത്നി ശ്രീമതി സരോജം വിൻസ്റ്റണെ എല്ലാ കാര്യങ്ങളിലും തുണയ്ക്കുന്നു

വിൻസ്റ്റണിന് ഗാനങ്ങൾ രചിക്കുന്നതിനുള്ള നൈപുണ്യം തന്റെ പിതാവ് ശ്രീ.പാൾ ശാസ്ത്രിയിൽ നിന്നും കൈവന്നതാണ്. ഒരു ബഹുഭാഷാ പണ്ഡിതനും വാഗ്മിയും അദ്ധ്യാപകനും സുവിശേഷപ്രവർത്തനങ്ങളിൽ മുൻപന്തിയിൽ പ്രവർത്തിച്ചിരുന്ന ശ്രീ.പാൾശാസ്ത്രി വിവിധ സഭാ വിഭാഗ ങ്ങൾ ചേർന്നു നടത്തിവന്ന ഓണം സുവിശേഷ പ്രവർത്തനങ്ങൾ, എൻ. എം.എസ്, തുടങ്ങിയ സംഘടനകളിലും നേതൃത്വം വഹിച്ചിരുന്നു.

തിരുവനന്തപുരം യൂത്ത് കോറസ് എന്ന ഗായകസംഘത്തിന്റെ സ്ഥാപ കഅംഗങ്ങളിൽ ഒരാളായ വിൻസ്റ്റൺ ഇപ്പോൾ ഗോസ്പൽ കോറസ് എന്ന സംഗീത ഗ്രൂപ്പിന്റെ നേതാക്കളിലൊരാളാണ്. ദൈവം തനിക്കു നൽകിയ താലന്തുകൾ ബുദ്ധിയായി കൈകാര്യം ചെയ്യുന്ന വിൻസ്റ്റൺ പലസഭകളിലും ഗാനപരിശീലനത്തിനു നേതൃത്വം നൽകുന്നുണ്ട്. 350-ൽ പരം ഗാനങ്ങൾ രചിച്ച് സംഗീതം പകർന്നിട്ടുണ്ട്.

"യേശുവിൻ നാമം മനോഹരം" എന്ന ഗാനം ഇന്നു മിക്ക ഗാനപു സ്തകങ്ങളിലും കൺവൻഷൻ പുസ്തകങ്ങളിലും മാരാമൺ കൺവൻഷൻ പാട്ടുപുസ്തകത്തിലും ചേർക്കപ്പെട്ടു കാണുന്നു. അനേകർക്കു യേശുവിൻ നാമത്തെ പുകഴ്ത്തുന്നതിനിടയാകുന്നു.

"ഞാൻ പാട്ടോടെ ദൈവത്തിന്റെ നാമത്തെ സ്തുതിക്കും; സ്തോത്ര
ത്തോടെ
അവനെ മഹത്വപ്പെടുത്തും" സങ്കീ. 69:30

# Circle Prayers in January 2014

| | | | | |
|---|---|---|---|---|
| 3/1/2013 | Ulloor Circle | 1871 | Mr. Herlin Boaz | Venjavode, Sreekaryam |
| Friday | | | | |
| | | | | |
| 6/1/2014 t | **Week of Prayar** | | | |
| 11/1/2014 | | | | |
| | | | | |
| 14/1/14 | Ambalamukku Circle | 1127 | Mr. Austin Mcdonald White | Kowdiar |
| Tuesday | Charachira circle | 157 | Mr. Christopher Ross | Y M R |
| | Edapazhanji Circle | 1146 | Mr. Abel Dilpkumar | Vattiyoorkavu |
| | | | | |
| 17/1/14 | Kowdiar Circle | 1816 | Er. Anil David | Christ Nagar |
| Friday | LMS-Palayam Circle | 1201 | Mr. Chandrakumar Adriel | Lenin Nagar |
| | Muttada circle | 1723 | Mr. E H Jones | Jothy Nagar, K' dasapuram |
| | | | | |
| 19/1/14 to | **Diocesan Convention, LMS Compound** | | | |
| 25/1/14 | | | | |
| | | | | |
| 28/1/14 | Nanthancode circle | 1137 | Mr. V K Albert | Gnanabharanam Lane |
| Tuesday | Pattom Circle | 1462 | Er. Paul Dainold | Pattom |
| | Statue Circle | 1128 | Er. Winston Russel | Kaithamukku |
| | | | | |
| 31/1/14 | Thycaud Circle | 1452 | Mr. Rajendradas | Kannettumukku |
| Friday | Ulloor Circle | 959 | Prof. Oliver Maison | Chalakkuzhi Lane |
| | Vazhuthacaud Circle | 1380 | Mr. Nirmal Roy | Jagathy |
| | | | | |
| 4/2/2014 | Charachira circle | 1269 | Mr. Bose Chandraraj Joseph | Charachira |
| Tuesday | LMS-Palayam Circle | 1607 | Mr. Sajikumar J. | Van rose Jn. Palayam |
| | Kowdiar Circle | 837 | Mr. H. Gladstone | Golf Links |
| | | | | |
| 7/2/2014 | Nanthancode circle | 1124 | Mr. Das Bennet Sylum | Museum West Lane |
| Friday | Ambalamukku Circle | 631 | Mr. Martin Pakya Raj | Vattiyoorkav |
| | Charachira circle | 875 | Er. L Nesayyan | Nanthancode |

## Baptism

| Sl.No | Family No | Name | Date of Baptism |
|---|---|---|---|
| 1 | 1855 | Mr. Peter Jacob | 22-12-2013 |
| 2 | 1785 | Mr. Joel Harris Arun | 25-12-2013 |
| 3 | 1912 | Ms. Ashika Niya Sarjine | 25-12-2013 |
| 4 | 1989 | Mr. Ryan Daniel | 25-12-2013 |
| 5 | 2014 | Ms. Riya Asish | 25-12-2013 |

## We welcome these new families joined by TC

| Sl.No | Family No | Members | Date of Join |
|---|---|---|---|
| 1 | 2067 | Dr. Shiju Stanly ,Dr. Jiji,<br>Ms. Saja S.J. & Mr. Sajosh S.J. | 27-12-2013 |




# സ്വയം മെച്ചപ്പെടുത്താം



ജാക്സൺ ബ്രൗണിന്റെ ഏകപുത്രനായിരുന്നു ആഡം. മകനെ വളരെയധികം സ്നേഹിച്ചിരുന്നതു കൊണ്ട് ജനിച്ച നാൾ മുതൽ അവനെ നല്ലവണ്ണം വളർത്തുവാൻ ജാക്സൺ ശ്രദ്ധിച്ചിരുന്നു. പഠനത്തോടൊപ്പം സ്പോർട്സിലും മകൻ ശോഭിക്കണമെന്ന് വിചാരിച്ചുവെങ്കിലും അവൻ പഠനത്തിന് ശേഷമുള്ള സമയം മുഴുവൻ കമ്പ്യൂട്ടറിന്റെ മുന്നിൽ ഇരിക്കുമായിരുന്നു. തന്റെ ആഗ്രഹം നടക്കാതെ വന്നപ്പോൾ മകനോട് ജാക്സൺ കോപിച്ചു. കോപിക്കുന്ന പിതാവിനെ മകൻ ഇഷ്ടപ്പെട്ടില്ല. പുത്രനുമായി അകലുന്നതായി പിതാവിനും മനസ്സിലായി.

അങ്ങനെയിരിക്കുമ്പോൾ ഒരു ചെരുപ്പുകടയുടെ മുമ്പിൽ ജാക്സൺ ഒരു പരസ്യം വായിച്ചു. "റീമോഡൽ ചെയ്യാൻ വേണ്ടി കട അടച്ചിരിക്കുന്നു. പുതിയ മാനേജ്മെന്റിന്റെ കീഴിൽ ഉടൻ തുറന്നു പ്രവർത്തിക്കും." (Closed for remodelling. Opening soon under new management) ഇതുപോലെ തന്റെ ജീവിതത്തിലും ഒരു റീമോഡലിംഗിനും പുതിയ മാനേജ്മെന്റിനും ആവശ്യമുണ്ട് എന്ന് അദ്ദേഹം ചിന്തിച്ചു. റീമോഡലിംഗിന്റെ ഭാഗമായി അദ്ദേഹം പലകാര്യങ്ങൾ ചെയ്തു. നല്ല നല്ല പുസ്തകങ്ങൾ വാങ്ങി വായിച്ചു. നല്ല കാര്യങ്ങൾ കുറിച്ചുവെച്ചു. സ്വന്തജീവിതത്തിൽ അവ പ്രാവർത്തികമാക്കി. ദിവസവും വ്യായാമത്തിന് പ്രത്യേക സമയം വേർതിരിച്ചു. കുടുംബാംഗങ്ങളോടൊത്ത് കൂടുതൽ സമയം ചെലവഴിച്ചു. കോപം നിയന്ത്രിച്ചു. കോപിക്കുമ്പോൾ സംസാരിക്കുന്നത് ഒഴിവാക്കി. വിട്ടുവീഴ്ചാ മനോഭാവം വളർത്തി. ഇതിലൂടെയെല്ലാം ജാക്സൺ സ്വയം ജീവിതം മെച്ചപ്പെടുത്തി. തന്മൂലം മകൻ ആഡവുമായുള്ള ബന്ധം മെച്ചപ്പെട്ടു.

റീമോഡലിംഗിന് ജാക്സൺ ബ്രൗൺ കണ്ടെത്തിയ നിർദ്ദേശങ്ങളാണ് 1991-ൽ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ച 'Life's Little Instruction Book'. അമേരിക്കയിൽ ബെസ്റ്റ്സെല്ലറായിരുന്ന ഇതിന്റെ രണ്ടാം ഭാഗം 1993-ൽ പുറത്തിറങ്ങുമ്പോൾ 50 ലക്ഷം കോപ്പികൾ വിറ്റഴിഞ്ഞിരുന്നു.

പുതുവർഷത്തിലേക്ക് പ്രവേശിക്കുന്ന നമ്മുടെ ജീവിതത്തിലും റീമോഡലിംഗ് ആവശ്യമില്ലേ? **സാധാരണ ജീവിതസൗകര്യങ്ങൾ മെച്ച പ്പെടുത്തുവാൻ നാമെല്ലാവരും വേണ്ടത്ര ശ്രദ്ധിക്കാറുണ്ട്. എന്നാൽ അതിനെക്കാൾ അതിപ്രധാനമായ കാര്യമാണ് നമ്മെത്തന്നെ മെച്ചപ്പെ ടുത്തുക എന്നത്.** അങ്ങനെയെങ്കിൽ നമ്മുടെ മനോഭാവം മാറും. ജീവി തവും ബന്ധങ്ങളും കൂടുതൽ മൃദുവും അർദ്ധവ്യാപ്തിയുമുള്ളതായി ത്തീരും. 'You cannot change your future, but you can change your habits, and surely your habits will change your future' - Dr. A.P.J. Abdul Kalam.

പിന്നിട്ട വർഷത്തിന്റെ (2013-ന്റെ) തുടക്കം കണ്ട പലരും ഇന്ന് നമ്മോടൊപ്പം ഇല്ല. ഇവരിൽ പലരും നമ്മെക്കാൾ പ്രായം കുറഞ്ഞ വരും നമ്മെക്കാൾ ആരോഗ്യവാന്മാരുമായിരുന്നു. എന്നാൽ പിന്നിട്ട വർഷ ത്തിന്റെ തുടക്കം കണ്ട നമുക്ക് വർഷാന്ത്യം കാണുവാനും പുതുവർഷ ത്തിൽ പ്രവേശിക്കുന്നവാനും ദൈവം അവസരം നൽകി. പുതുവർഷം യേശുകർത്താവിനോട് ചേർന്ന് നമുക്കാരംഭിക്കാം. 'ഞാൻ യഹോവയെ എപ്പോഴും എന്റെ മുമ്പിൽ വെച്ചിരിക്കുന്നു. അവൻ എന്റെ വലതുഭാ ഗത്ത് ഉള്ളത് കൊണ്ട് ഞാൻ കുലുങ്ങിപ്പോകയില്ല.' (സങ്കീ. 16:8). ഓരോ ദിവസവും കർത്താവിനോട് ചേർന്നു ജീവിക്കുന്നതിന് നമുക്ക് സാധി ക്കണം. 'Every new day is a chance to change our life'.

പുത്തൻ പ്രതീക്ഷകളും സാധ്യതകളും വെല്ലുവിളികളുമായി വീണ്ടും ഒരു പുതുവർഷത്തിൽ നാം പ്രവേശിക്കുകയാണ്. സർവ്വശ ക്തനായ ദൈവത്തിന്റെ സഹായം കൂടാതെ ഭാവിയെ അഭിമുഖീകരി ക്കുക സാധ്യമല്ല. **പിന്നിട്ട വർഷത്തിലെ നഷ്ടങ്ങളെയും പരാജയങ്ങ ളെയും ഓർത്തു നിരാശപ്പെടാതെ പുതുവർഷത്തിൽ നമുക്ക് വേണ്ടി കാത്തുനിൽക്കുന്ന സാധ്യതകളെ കണ്ട് പ്രതിസന്ധികളെ പദ്ധതിക ളാക്കി നമുക്ക് മാറ്റിയെടുക്കാം.**

"ജീവിതം നൽകാൻ മടിക്കുന്നതൊക്കെയും
ജീവിച്ചു ജീവിതത്തോട് ഞാൻ വാങ്ങിടും." - ചങ്ങമ്പുഴ

ഏവർക്കും ദൈവത്താൽ അനുഗ്രിക്കപ്പെട്ട സമാധാനവും, ശാന്തി യും, സമൃദ്ധിയും നിറഞ്ഞ ഒരു പുതുവർഷം ആശംസിക്കുന്നു.

**ആർ. സാജൻ സാംസൺ**
എഡിറ്റർ

E-mail: sajansamson@hotmail.com

## Senior Citizen Fellowship Anniversary







## Christmas Eve Service







## CEYF Salem Mission Field Vsit

# Combined X-mas Celebrations 2013

